മാധ്യമം ● ഞായർ ● 24 ഡിസംബർ 2017 ● ലക്കം 1543

# വാരാദ്യ മാധ്യമം

varadyam@madhyamam.in

**ക്രിസ്മസ് ആയാൽ വീട്ടിലേക്കു മടങ്ങിയേ പറ്റൂ. അതാണ് അവരുടെ ശീലം. ഓഖി ആഞ്ഞടിച്ച കടലിൽ ചിതറിപ്പോയവരെല്ലാം പലയിടങ്ങളിൽ ഇരുന്ന് ആഗ്രഹിക്കുന്നുണ്ടാകണം, ഇത്തവണയും പ്രിയപ്പെട്ടവരോടൊപ്പം ക്രിസ്മസ് വിളക്കുകൾ കത്തിക്കണമെന്ന്. പ്രാർഥനകൾ ഫലിക്കുമെന്നും കടലിൽ പോയവർ രക്ഷപ്പെടുമെന്നും ഇപ്പോഴും വീട്ടുകാർ സ്വപ്നം കാണുന്നു**

### ക്രിസ്മസ് രാത്രിയിൽ

# കടൽനക്ഷത്രങ്ങളെ കാത്ത്...

എഴുത്തും ചിത്രങ്ങളും

**ജിഷ എലിസബത്ത്**



അജിക്കുട്ടൻ കുടുംബ ചിത്രവുമായി

## പൊന്നുണ്ണി ഉമ്മറപ്പടിയിൽ കാത്തിരിപ്പുണ്ട് പപ്പാ... എവിടെയാണെങ്കിലും ഉടനെ വരണേ...

വീടിൻെറ പൂമുഖത്ത് കൈവരിയിൽ പിടിച്ചുനിൽപ്പാണ് അജിക്കുട്ടൻ. കണ്ണിൽ നക്ഷത്രത്തിളക്കമുള്ള കുഞ്ഞ്. വീടിനു മുന്നിലൂടെ കടന്നു പോകുന്നവർക്കെല്ലാം കുട്ടിത്തം വിടർന്ന കണ്ണുകൾകൊണ്ട് അവൻ പുഞ്ചിരി കൈമാറും. അവർ പോയ്ക്കഴിയുമ്പോൾ അവൻ വീണ്ടും വഴിയിലേക്ക് നോക്കും, ഇനി വരുന്നത് പപ്പയാകണേ എന്നാണ് അവൻെറ പ്രാർഥന. അവനുറപ്പുണ്ട്, ക്രിസ്മസിന് പപ്പ ഉറപ്പായും വരുമെന്ന്. അതിനിനി അധികം സമയമില്ല. നാളെയാണ് ക്രിസ്മസ്.

ചുറ്റുമുള്ള വീടുകളിൽ മാലബൾബുകളും പലവർണ നക്ഷത്രക്കുഞ്ഞുങ്ങളും പുഞ്ചിരിക്കുന്നതു കാണുമ്പോൾ അവൻെറ കണ്ണിലും ഒരു കുഞ്ഞാകാശം വിരിയും. പക്ഷേ, മുഖത്ത് സങ്കടവും പരിഭവവുമുണ്ട്. കാരണം, അജിക്കുട്ടൻ നിൽക്കുന്നത് ഇരുട്ടിലാണ്. നാളെ ക്രിസ്മസ് ആയിട്ടും അവൻെറ വീട്ടിൽ നക്ഷത്രം കൊളുത്തിയില്ല. അമ്മയാണെങ്കിൽ അകത്തെ മുറിയിൽ കട്ടിലിൽ കിടന്നുകരയുന്നു. പപ്പ വന്നാലേ ഉമ്മറപ്പടിയിൽ നക്ഷത്രം കൊളുത്താൻ പറ്റൂ. പപ്പ എപ്പോൾ വരുമെന്ന് ചോദിക്കുമ്പോഴൊക്കെ അമ്മക്കു സങ്കടമാണ്. അത് കാണുമ്പോൾ അജിക്കുട്ടനും സങ്കടം വരും. അപ്പോഴവൻ അമ്മയെ ഒന്ന് കെട്ടിപ്പിടിക്കും. ചുണ്ടിലും കവിളിലും കണ്ണിലും നെറ്റിയിലുമെല്ലാം ആ രണ്ടു വയസ്സുകാരൻ കുഞ്ഞുമ്മകൾ കൊടുക്കും. പിന്നെ, മുറുകെ പിടിച്ച അമ്മയുടെ കൈ വിടുവിച്ചു വീണ്ടും പൂമുഖത്തേക്കു നടക്കും, പപ്പയെങ്ങാനും വന്നിട്ടുണ്ടെങ്കിലോ!

അജിക്കുട്ടനെന്നു പപ്പ വിളിക്കുന്ന അലേൽ ദാസ് ഈ നിൽപ് തുടങ്ങിയിട്ട് ഇന്നേക്ക് 25 ദിവസമായി. അവൻെറ പപ്പ യേശുദാസ്(38) കാറ്റ് ആഞ്ഞുവീശുന്നതിനു തലേന്ന് കടലിൽ പോയതാണ്. ഇതുവരെ ഒരു വിവരവും ലഭിച്ചില്ല.

ഏതോ കരയിൽ എത്തിപ്പെട്ടിട്ടുണ്ടാകണം എന്നാണ് അദ്ദേഹത്തിൻെറ വീട്ടുകാർ വിശ്വസിക്കുന്നത്. ഉറപ്പായും ക്രിസ്മസിന് മുമ്പ് വരുകയോ ഫോണിൽ വിളിക്കുകയോ ചെയ്യുമെന്ന് അവരെല്ലാം പ്രതീക്ഷിക്കുന്നുണ്ട്.

"അവൻ ചുണയുള്ളവനാ.15 വയസ്സിലേ കടലിൽ പോയിത്തുടങ്ങി. അവന് അറിയാത്ത ഭാഷകളില്ല. അവൻ മടങ്ങിവരും"- സഹോദരി തദേവൂസ് മേരി പറയുന്നു.

ഇതിനിടക്ക്, ഇനി പ്രതീക്ഷക്ക് വകയില്ലെന്നും അതിനാൽ മരിച്ചെന്ന് കരുതി പള്ളിയിൽ ചരമച്ചടങ്ങുകൾ നടത്താനും പരിചയക്കാർ പറയുന്നുണ്ട്. ക്രിസ്മസിനു മുമ്പ് 23ാം തീയതി ചടങ്ങു നടത്താം എന്നവർ ഉപദേശിക്കുകയും ചെയ്തു. എന്നാൽ, യേശുദാസ് മരിച്ചെന്നു വിശ്വസിക്കാൻ വീട്ടുകാർ തയാറല്ല. "കാത്തിരുന്നു, ഇത്രയും ദിവസം കാത്തിരുന്നു. കുറച്ചു ദിവസങ്ങൾ കൂടി കാത്തിരിക്കണം. എന്നിട്ടു മതി പൂജയുടെ(കുർബാന) കാര്യങ്ങൾ ആലോചിക്കാൻ"- തദേവൂസ് മേരി വ്യക്തമാക്കി. "ചിലർക്ക് ക്രിസ്മസ് ആഘോഷിക്കണം. അതിനാണ് നേരത്തേ പൂജ നടത്തണം എന്ന് ആവശ്യപ്പെടുന്നത്. അവർക്കു നഷ്ടമില്ലല്ലോ. അവർക്ക് അവരുടെ സന്തോഷമാണ് വലുത്. ക്രിസ്മസ് വരും പോകും. ഒരു മനുഷ്യൻെറ ജീവന് വില എത്രയുണ്ട് എന്ന് ഇപ്പോഴൊക്കെയല്ലേ അറിയുന്നത്." അവർ പറയുന്നു. ഇതെല്ലം കേട്ട് സമീപത്ത് യേശുദാസിൻെറ ഭാര്യ അജിത വിങ്ങിപ്പൊട്ടി.

പള്ളിയിൽനിന്ന് അന്വേഷിക്കാൻ ആരും വന്നില്ല എന്ന സങ്കടം അവർക്കുണ്ട്. തിരുവനന്തപുരം പൊഴിയൂർ ജോൺ പോൾ രണ്ടാമൻ നഗറിൽ വീട്ടു നമ്പർ 76 പൊന്നുണ്ണി ഹൗസിൽ പല രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കുന്നവർ വന്നു. അജിക്കുട്ടൻെറ ചേട്ടൻ മൂന്നാം ക്ലാസ്സുകാരൻ അലൻ ദാസിനും ചേച്ചി ആറാം ക്ലാസുകാരി ആലിയ ദാസിനും തുടർപഠനത്തിന് എല്ലാവിധ സഹായവും പലരും വാക്കാൽ ഉറപ്പു നൽകി.

അവരെല്ലാം കടന്നുപോയി. ബാക്കിയാകുന്നത് സങ്കടവും കരച്ചിലുകളും മാത്രം.

## അഷ്മിയുടെ ആദ്യ ക്രിസ്മസ്



ജാസ്മിൻ പത്തു മാസം പ്രായമുള്ള അഷ്മിക്കൊപ്പം. പശ്ചാത്തലത്തിൽ വിവാഹ ചിത്രം)

ഓരോ തവണയും അഷ്മിയെ നോക്കുമ്പോൾ ജാസ്മിന് സങ്കടം തിങ്ങിവരും. രണ്ടു മാസം കൂടി കഴിഞ്ഞാൽ കുഞ്ഞു അഷ്മിയുടെ ഒന്നാം പിറന്നാളാണ്. ഒരു ദിവസം കൂടി കഴിഞ്ഞാൽ അവളുടെ ആദ്യ ക്രിസ്മസും ആണ്, പക്ഷേ അവളുടെ പപ്പ അലക്സാണ്ടർ ഇതുവരെ മടങ്ങിവന്നിട്ടില്ല.

കരഞ്ഞുകരഞ്ഞ് കണ്ണീരു വറ്റി. മുഖത്തു നിർവികാരത മാത്രം. കല്യാണം കഴിഞ്ഞിട്ട് 20 മാസം. കല്യാണം കഴിഞ്ഞയുടനെ ജോൺ പോൾ രണ്ടാമൻ നഗറിലെ 26ാം നമ്പർ വീട്ടിലേക്കു താമസം മാറിയതാണ്. നവംബർ 30 വരെ സമാധാനവും സന്തോഷവും മാത്രമാണ് ഉണ്ടായിരുന്നത്. ഇപ്പോഴിത് കരച്ചിലിനും അലമുറകൾക്കും വഴിമാറി. കല്യാണത്തിനു മുമ്പ് കുറച്ചു വർഷങ്ങൾ അലക്സാണ്ടർ (28) ഗൾഫിൽ ആയിരുന്നു. എന്നാൽ, അതിനുമുമ്പേ 18 വയസ്സിൽ കടലിൽ പോയിത്തുടങ്ങി. അപ്പൻ പൊടിത്തമ്പി മരിച്ചു. അമ്മ തവനേശമ്മ ഉണ്ട്. വിവാഹശേഷം കടലിൽ പോകാൻ സൗകര്യത്തിനാണ് ജാസ്മിൻെറ വീട്ടിൽ താമസം തുടങ്ങിയത്.

അഷ്മി ജനിച്ചപ്പോൾ മകളെ വിട്ടുപോകാൻ മനസ്സ് വന്നില്ല. അങ്ങനെ ഇനി ഗൾഫ് വേണ്ട, കടൽപ്പണി മതി എന്ന് തീരുമാനിക്കുകയായിരുന്നു. ജാസ്മിൻെറ അയൽവാസിയാണ് അജിക്കുട്ടൻെറ പപ്പ. ഇരുവരുടെയും അയൽവാസിയായ ശിലു അടിമയും(45) മകൻ മനോജും (18) കടലിൽ ഇവർക്കൊപ്പം പോയതാണ്. അവരും മടങ്ങിവന്നിട്ടില്ല.

**ക്രിസ്മസ് എന്നാൽ നക്ഷത്രങ്ങളാണ്. സ്വർഗീയ സംഗീതം പൊഴിയുന്ന വിശുദ്ധ ദിനം. അന്ന് തീർച്ചയായും അത്ഭുതം സംഭവിക്കും എന്ന് അവർ വിശ്വസിക്കുന്നു. കടലിൽ കാണാതായ അവരുടെ പ്രിയപ്പെട്ടവർ മടങ്ങിയെത്തുമെന്ന വലിയ അത്ഭുതം നടക്കുമെന്ന അവരുടെ വിശ്വാസങ്ങൾക്ക് പ്രതീക്ഷയുടെ മെഴുകുതിരികൾ കത്തിക്കട്ടെ!**

## തിരികെ തരണേ...

27ാം നമ്പർ വീട്ടിൽ മേബിളും മകൾ പ്രിൻസിയും തനിച്ചായി. ശിലു അടിമക്കൊപ്പം കഴിഞ്ഞ മൂന്നു വർഷമായി മനോജ് കടലിൽ പോകുന്നു. കെജിൻ ബോസ്കോയുടെ ഉടമസ്ഥതയിലുള്ള വല്ലാർപ്പാടത്തമ്മ എന്ന വള്ളത്തിലാണ് അവർ പോയത്. അൾത്താര എന്നാണ് കടലിൽ ആ വള്ളം അറിയപ്പെടുന്നത്. വയർലസിൻെറ പേരാണത്. വയർലസിൽ നിന്നും നവംബർ 30ന് മെസേജ് വന്നിരുന്നു. എന്നാൽ, കാറ്റും കോളും കൂടിയശേഷം ഒരു സിഗ്നലും ലഭിച്ചില്ല. മഴയുള്ളപ്പോൾ വയർലസ് പുറത്തെടുത്താൽ വെള്ളം നനഞ്ഞ് കേടു വന്നേക്കും. പിന്നീട് എടുക്കാൻ കഴിഞ്ഞിട്ടുണ്ടാകില്ല എന്നാണ് മേബിളിൻെറ അടുത്ത ബന്ധു പറയുന്നത്. കടലിൽ തിരച്ചിലിനു പോയവർ ഈ വള്ളവും സൂപ്പർ സ്റ്റാർ വള്ളവും മറിഞ്ഞു കിടക്കുന്നത് കണ്ടിരുന്നു. രക്ഷാപ്രവർത്തനത്തിനിടെ രണ്ടു മൃതദേഹങ്ങൾ കിട്ടി. സമീപത്തുതന്നെ മറ്റു മൃതദേഹങ്ങൾ കണ്ടെങ്കിലും എടുക്കാൻ കഴിഞ്ഞില്ലെന്നും അദ്ദേഹം പറയുന്നു. കടപ്പുറത്തുള്ള വീട് വിറ്റാണ് ഇവിടെ വീട് വാങ്ങിയത്. നാലു ലക്ഷം രൂപ കടമുണ്ട്. വീട്ടിൽ സമ്പാദിക്കുന്ന രണ്ടുപേരും കാണാതായി. ഇത് ആര് വീട്ടും, എങ്ങനെ വീട്ടും, ഇറങ്ങിപ്പോകേണ്ടിവരുമോ എന്ന ആധി ഒരുവശത്ത്. പത്താം ക്ലാസുകാരി ആയ മകൾ പ്രിൻസിയുടെ പഠനം സംബന്ധിച്ച ഭാവി ആലോചനകൾ മറുവശത്ത്.



മേബിൾ

പള്ളിയിൽനിന്ന് കുറച്ച് അരിയും മറ്റും ലഭിച്ചിരുന്നു. അതിനാൽ പട്ടിണി ഉണ്ടായില്ല. എന്നാൽ, എത്ര നാൾ അത് പ്രതീക്ഷിക്കാം എന്ന് അവർക്കറിയില്ല. ആരെങ്കിലും ഒരാളെ തിരികെ തരണേ കടലമ്മേ എന്നാണ് ഇപ്പോൾ അവരുടെ പ്രാർഥന.

## കുഞ്ഞു സിയാന് പപ്പയെ വേണം

സുമയും ബെൽറ്റസും പ്രണയ വിവാഹിതരാണ്. അതിനാൽ പലരും സുമയോട് മിണ്ടാട്ടം അവസാനിപ്പിച്ചിരുന്നു.

15 മാസം മുമ്പ് പുല്ലുവിള ചെമ്പകരാമൻ പുരയിടത്തിൽ കുടുംബാംഗമായ ബെൽറ്റസിനൊപ്പം, ജനിച്ച വീടുവിട്ട് ഇറങ്ങിപ്പോരുമ്പോൾ സുമയോടുള്ള എല്ല ബന്ധവും മാതാപിതാക്കൾ മുറിച്ചുകളഞ്ഞു. എങ്കിലും, ബെൽറ്റസ് സുമയുടെ സന്തോഷങ്ങൾക്ക് കുറവ് വരുത്താൻ സമ്മതിച്ചില്ല. സുമയുടെ ജീവൻെറ ജീവനാണ് ബെൽറ്റസ്. എന്നാൽ, ആ ജീവൻ എവിടെയാണെന്നറിയാതെ സങ്കടത്തിലാണ് സുമ. ഇരുവർക്കും പത്തുമാസം പ്രായമുള്ള മകനുണ്ട്. പേര് സിയാൻ.



സുമയും കുഞ്ഞും



**പ്രാർഥനകളെല്ലാം വിഫലമായി. ഉപ്പ മുമ്പേ പോയിക്കഴിഞ്ഞിരുന്നു. രാവിലെ ഉപ്പയുടെ ചേതനയറ്റ ശരീരം വീട്ടുമുറ്റത്തെത്തുമ്പോൾ മനസ്സും ശരീരവും തളർന്ന് ഉറഞ്ഞുപോയ ആ നിമിഷം ഇപ്പോഴും നൂറുനൂറ് സൂചികളായി കുത്തിക്കയറുന്നുണ്ട് മനസ്സിൽ. ചുറ്റിലും കൂടിനിന്ന് ആരൊക്കെയോ 'ഫിദ മോളേ കരയരുത്. നീയാണ് മൂത്തവൾ. നീ വേണം ബാക്കിയുള്ളവരെ സമാധാനിപ്പിക്കാൻ' എന്നൊക്കെ പറയുന്നത് കേൾക്കാമായിരുന്നു. സങ്കടങ്ങൾ എത്രനേരം അമർത്തിവെക്കാനാവും?**



സി. ജാബിർ

# കാറ്റായി തഴുകുന്ന സ്നേഹം

ഓർമ



**കഴിഞ്ഞ വർഷം അന്തരിച്ച മുൻ ഇന്ത്യൻ ഫുട്ബാൾ താരം സി. ജാബിറിനെ കുറിച്ച് മകളുടെ ഓർമക്കുറിപ്പ്**

**ഫിദ ജാബിർ**

ഒരു വർഷമായിരിക്കുന്നു. വർഷങ്ങൾ എത്രപെട്ടെന്നാണ് കടന്നുപോകുന്നതെന്ന് പലരും പറയാറുണ്ട്. പക്ഷേ, ഞങ്ങൾക്ക് ഇക്കഴിഞ്ഞ വർഷം കണ്ണീരിൻെറ പുളിപ്പറിഞ്ഞതായിരുന്നു. ഓർമകൾ കനംതൂങ്ങിയ ദിവസങ്ങളാണ് കഴിഞ്ഞുപോയതൊക്കെയും. ഉപ്പയങ്ങ് പോയിരിക്കുന്നുവെന്ന് ചില നേരങ്ങളിൽ മനസ്സങ്ങ് മറക്കും. എം.എസ്.പിയിൽ ഏതോ ജോലിത്തിരക്കിലാവും അല്ലെങ്കിൽ മറ്റാരുടെയോ കാര്യങ്ങൾക്കുവേണ്ടി എവിടെയോ പോയതാവും എന്നു വെറുതെ തോന്നും. കൂടെയിരുന്നപ്പോൾ, തിരക്കുകളിൽപെട്ട് ഉപ്പക്ക് മാറിനിൽക്കേണ്ടിവരുമ്പോൾ, ഉമ്മ അങ്ങനെയായിരുന്നല്ലോ ആശ്വസിപ്പിക്കാറ്.

ഓർമവെച്ച കാലംമുതൽ 'ഇതൊരു ഉപ്പക്കുട്ടി' എന്ന് കുടുംബങ്ങളിൽ എല്ലാം എന്നെ കളിയാക്കിയിരുന്നു. ആ വിളി പക്ഷേ, എന്നെ അഭിമാനം കൊള്ളിച്ചിട്ടേയുള്ളൂ. ചെറുപ്പംതൊട്ടേ ഉപ്പയുടെ കൈയിൽ തൂങ്ങി നടക്കുന്നതായിരുന്നു ഏറ്റവും വലിയ ആനന്ദം. ഉപ്പയെ പിരിയാൻ മടിച്ച് അക്കാലത്ത് ഉമ്മയുടെ വീട്ടിൽ വിരുന്നിന് പോവാൻ പോലും മടിയായിരുന്നു. എൻെറ കൊച്ചുകിനാക്കണ്ണുകളിൽ ഉപ്പക്ക് ഒരു സൂപ്പർ ഹീറോയുടേതായിരുന്നു വേഷം. ഉപ്പയേ പോയിട്ടുള്ളൂ. അനുഭവിച്ചുതീർത്ത സ്നേഹത്തിൻെറ ചൂടും ചൂരും ഓർമകളിലിപ്പോഴും ജീവനോടെ തുടിച്ചുനിൽക്കുന്നു.

ഒടുങ്ങാത്ത നെടുവീർപ്പുകളുടെ ലോകത്തിലേക്ക് ഞങ്ങളെ തള്ളിവിട്ട ഡിസംബർ നാലിലെ ആ ഭയംപുരണ്ട രാവ്, ഒരു വാൾത്തലപ്പുപോലെ ഇടക്ക് മനസ്സിൽ മിന്നിത്തെളിയും. കോളജ് ഹോസ്റ്റലിലെ മുറിയിൽ പിറ്റേന്നത്തെ ഇംപ്രൂവ്മെൻറ് പരീക്ഷക്കുവേണ്ടി പഠിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ വൈകി എപ്പോഴോ ഉറങ്ങിപ്പോയതായിരുന്നു ഞാൻ. തട്ടിയുണർത്തിവിളിച്ച ഹോസ്റ്റൽ വാർഡൻെറ മുഖത്തെ പരിഭ്രമം, സത്യമായും ഒരു മഹാസങ്കടത്തിൻെറ വിളിപോലെയാണ് എനിക്ക് തോന്നിയത്. കുറെ ദിവസമായി ഒരാശങ്ക മനസ്സിലുണ്ടായിരുന്നതാവും അതിനു കാരണം.

കുറച്ച് ദിവസങ്ങൾക്കു മുമ്പാണ് ഉപ്പയുടെ അനുജൻ ഒരു ആക്സിഡൻറിൽപെട്ട് ഗുരുതരാവസ്ഥയിൽ ആശുപത്രിയിലായത്. പലതവണയായി നടന്ന സർജറികളെല്ലാം വിജയിച്ച ശുഭവാർത്തകളാണ് ആശുപത്രിയിൽനിന്ന് ഉപ്പയടക്കം വിളിച്ചുപറഞ്ഞിരുന്നത്. ഉപ്പ തന്നെയായിരുന്നു ആശുപത്രിയിൽ ഓടിനടന്നത്. ഉപ്പ ഞങ്ങൾക്ക് വാക്ക് തന്നിരുന്നു ഒരു കുഴപ്പവും ഇല്ലാതെ തിരിച്ചുകൊണ്ടുവരും എന്ന്. പിന്നെ എന്താണാവോ സംഭവിച്ചത് എന്ന ആശങ്കയോടെയും സങ്കടത്തോടെയുമാണ് വീട്ടിലേക്കുള്ള കാറിൽ കയറിയിരുന്നത്.

യാത്രയിലുടനീളം കരഞ്ഞു പ്രാർഥിക്കുകയായിരുന്നു ഞാൻ. വീട്ടിലെത്തി ആരൊക്കെയോ ചേർന്ന് കാറിൽനിന്നിറക്കുമ്പോഴും സംഭവത്തെക്കുറിച്ച് ഒരു സൂചനയും എനിക്ക് കിട്ടിയിരുന്നില്ല. ഒന്നും ചോദിക്കാനുള്ള ധൈര്യം അപ്പോഴുണ്ടായിരുന്നില്ല. അവിടെ നിറഞ്ഞ ആൾക്കൂട്ടം ഉപ്പയുടെ മരണവാർത്ത അറിഞ്ഞുവന്നതാണെന്ന സത്യം ഞാൻ മനസ്സിലാക്കിയപ്പോൾ മനസ്സിനുതീർത്തും ഒരു മരവിപ്പായിരുന്നു. പടച്ചവൻ ഒരിക്കലും എന്നോടിങ്ങനെ ചെയ്യുമെന്ന് ഞാൻ വിശ്വസിച്ചില്ല. പിന്നെയെപ്പോഴോ അനിയൻ എൻെറയടുത്ത് വന്നിരുന്ന് ഉപ്പക്ക് ഒന്നും സംഭവിച്ചില്ലല്ലോ എന്ന് ചോദിച്ച ആ നിമിഷത്തെ ഞാൻ എങ്ങനെയാവും നേരിട്ടിരിക്കുക എന്നത് എനിക്കിപ്പോഴും ഉത്തരംകിട്ടാത്ത ചോദ്യമാണ്. പുലരുംവരെ ആത്മാവു ചേർത്തുപിടിച്ച് പ്രാർഥനകളുരുവിടുകയായിരുന്നു. 'പടച്ചവനേ, ഉപ്പക്കൊന്നും സംഭവിച്ചിട്ടുണ്ടാവല്ലേ, ഇനി അഥവാ എന്തെങ്കിലും പറ്റിയിട്ടുണ്ടെങ്കിൽ തന്നെ ജീവനോടെ എനിക്ക് തിരിച്ചുതരണേ' എന്ന് അപേക്ഷിച്ച് പടച്ചവൻെറ മുന്നിൽ കുമ്പിട്ടു കിടന്നു.

എന്നും എൻെറ കൂടെനിന്ന പടച്ചവൻ എന്തേ ഇത്തവണ മാത്രം എന്നെ കൈവിട്ടത്? പ്രാർഥനകളെല്ലാം വിഫലമായി. ഉപ്പ മുമ്പേ പോയിക്കഴിഞ്ഞിരുന്നു. രാവിലെ ഉപ്പയുടെ ചേതനയറ്റ ശരീരം വീട്ടുമുറ്റത്തെത്തുമ്പോൾ മനസ്സും ശരീരവും തളർന്ന് ഉറഞ്ഞുപോയ ആ നിമിഷം ഇപ്പോഴും നൂറുനൂറ് സൂചികളായി കുത്തിക്കയറുന്നുണ്ട് മനസ്സിൽ. ചുറ്റിലും കൂടിനിന്ന് ആരൊക്കെയോ 'ഫിദ മോളേ കരയരുത്. നീയാണ് മൂത്തവൾ. നീ വേണം ബാക്കിയുള്ളവരെ സമാധാനിപ്പിക്കാൻ' എന്നൊക്കെ പറയുന്നത് കേൾക്കാമായിരുന്നു. സങ്കടങ്ങൾ എത്രനേരം അമർത്തിവെക്കാനാവും?

ഇൻറർനാഷനൽ ഫുട്ബാളർ, എം.എസ്.പി അസി. കമാൻഡൻറ് തുടങ്ങി ഉപ്പയെ സംബന്ധിച്ചുള്ളതെല്ലാം എൻെറ സ്വകാര്യ അഹങ്കാരങ്ങളായിരുന്നു. കുട്ടിക്കാലത്ത് ഉപ്പ പൊലീസാണെന്നും കൈയിൽ തോക്കൊക്കെയുണ്ടെന്നും വീമ്പിളക്കി കൂട്ടുകാരെ പേടിപ്പിക്കുന്നത് വലിയ ഇഷ്ടമായിരുന്നു എനിക്ക്. പക്ഷേ, വീട്ടിലോ നാട്ടിലോ തൻെറ പേരിൻെറയും പദവിയുടെയും ഒരു നിലവാര പ്രദർശനവും കാണിച്ചിരുന്നില്ല അദ്ദേഹം. നാട്ടിലെ കല്യാണവീടുകളിൽ ഭക്ഷണം വിളമ്പി നടക്കുമ്പോഴും വിയർത്തുകുളിച്ച് ഓടിനടക്കുമ്പോഴും ഒരു പൊലീസ് ഓഫിസറാണെന്ന് ആർക്കും ആ ഭാവം കണ്ടാൽ തോന്നുമായിരുന്നില്ല. ഉപ്പ അതിലൊക്കെയാണ് വലിയ സന്തോഷം കണ്ടെത്തിയിരുന്നത്.

പല ദിവസങ്ങളിലും രാവിലെ ഭക്ഷണം കഴിക്കാൻ സമയമില്ലാതെ ഓടുന്ന വഴി എന്നെ പിടിച്ചുനിർത്തി ഭക്ഷണം വാരിത്തരുമായിരുന്നു ഉപ്പ. സാധാരണ ഉമ്മമാർ ചെയ്യുന്ന പല കാര്യങ്ങളും ഞങ്ങളുടെ കാര്യത്തിൽ ഉപ്പ സ്വയം ഏറ്റെടുത്തു. പരീക്ഷകളുള്ള ദിവസം -അതെത്ര ചെറിയ പരീക്ഷയാണെങ്കിലും തറവാട്ടിൽ കയറി വല്യുപ്പയെയും വല്യുമ്മയെയും പോയി കണ്ട് സലാം പറഞ്ഞതിനു ശേഷമേ ഞങ്ങളെ പറഞ്ഞയക്കുമായിരുന്നുള്ളൂ. ഉപ്പയാണ് ഞങ്ങളെ പറഞ്ഞയച്ചിരുന്നത് എന്നത് അവരൊരിക്കലും അറിഞ്ഞിട്ടുണ്ടായിരുന്നില്ല. അവരുടെ അനുഗ്രഹങ്ങളും പ്രാർഥനകളും ഞങ്ങളുടെ കൂടെയുണ്ടാകണം എന്ന് ഉപ്പക്ക് നിർബന്ധമായിരുന്നു. ഉപ്പ ബാക്കിവെച്ചതെന്തൊക്കെയാണെന്ന് ഇപ്പോഴറിയുന്നുണ്ട്. നിൻെറയുപ്പയെപോലെ ഒരുപ്പയെ കിട്ടിയിരുന്നെങ്കിൽ എന്ന് കൂട്ടുകാരിൽ പലരും അസൂയകലർന്ന സ്വരത്തിൽ പറയാറുണ്ട്. ദീർഘകാലം അനുഭവിക്കാൻ യോഗമുണ്ടായില്ല. ഒരായുസ്സിൻെറ സ്നേഹവും കരുതലും കുറഞ്ഞകാലംകൊണ്ട് തന്ന് ഉപ്പയങ്ങുപോയി.

പരീക്ഷക്കാലങ്ങളിൽ ഉറക്കമൊഴിച്ച് പഠിക്കുന്നതായിരുന്നു എൻെറ ശീലം. ആ പാതിരാക്കാലങ്ങളിലെല്ലാം ഉറക്കമൊഴിഞ്ഞ് കട്ടൻചായ ഇടക്കിടെ പകർന്നുതന്ന് കൂട്ടിരുന്ന ഉപ്പയുടെ സാമീപ്യം ഈ നിമിഷവും ഞാൻ അനുഭവിക്കുന്നുണ്ട്. ഇന്നും പരീക്ഷാരാവുകളിൽ, നെറ്റിയിൽ ഉപ്പയുടെ കൈത്തണുപ്പ് വല്ലാതെ നഷ്ടമാവുന്നു. ദൈവമേ, സന്തോഷത്തിൻെറ ദിനങ്ങൾ എത്രപെട്ടെന്നാണ് കൊഴിഞ്ഞുപോവുന്നത്?

ഞങ്ങളുടെ ഇഷ്ടത്തിനൊപ്പമാണ്ഉപ്പ എപ്പോഴും കൂട്ടുവന്നത്. സന്തോഷങ്ങളിൽ പങ്കുചേർന്നു. തളർച്ചകളിൽ താങ്ങായി നിന്നു. പത്താം ക്ലാസിലെയും പന്ത്രണ്ടാം ക്ലാസിലെയും റിസൽട്ട് വന്ന ദിവസം ഞാൻ ഇപ്പോഴും ഓർക്കുന്നു. ഫുൾ എ പ്ലസ് ഉണ്ടെന്നറിഞ്ഞപ്പോൾ ആ കണ്ണുകളിൽ നിറഞ്ഞ ആഹ്ലാദം, അഭിമാനത്തോടെ ചേർത്തുപിടിച്ച ആ നെഞ്ചിലെ തുടിപ്പ്, ഒന്നും ഓർമയിൽനിന്ന് അകലുന്നില്ല.

ഞങ്ങളുടെ താൽപര്യങ്ങൾക്കപ്പുറം ഒന്നിനും നിർബന്ധിച്ചിരുന്നില്ലല്ലോ എന്ന് ഇന്നും അത്ഭുതത്തോടെ ഓർക്കുന്നു. ഫഹദിൻെറ ഏറ്റവും വലിയ സ്വപ്നമായിരുന്നു ഉപ്പയെപ്പോലെ ഒരു ഫുട്ബാളർ ആവണമെന്നത്. അവൻെറ സ്വപ്നങ്ങൾക്കൊപ്പം മുഴുവൻ പിന്തുണയുമായി ഉപ്പ കൂട്ടുചെന്നു. എം.എസ്.പിയുടെ മലപ്പുറത്തെ സ്പോർട്സ് സ്കൂളിൽ ചേർത്ത് ഉപ്പയുടെ കൂടെത്തന്നെ താമസിപ്പിച്ചു. ഞങ്ങളുടെയൊക്കെ സ്വപ്നങ്ങൾക്കുമേൽ എത്രവലിയ തണലായിരുന്നു ആ സാന്നിധ്യം. പെൺകുട്ടികൾ എന്നപേരിൽ അടിച്ചമർത്തുന്ന രീതി ഉപ്പക്കുണ്ടായിരുന്നില്ല. എവിടെയും ഒറ്റക്ക് പോകാനുള്ള ധൈര്യം ഉപ്പ പകർന്നുതന്നിട്ടുണ്ട്. ഏതു പ്രതിസന്ധികളും ഒറ്റക്കു തന്നെ തരണംചെയ്യാൻ പരിശീലിപ്പിച്ചു. ഒരായുസ്സിലേക്കു വേണ്ട കരുതലായിരുന്നോ അതൊക്കെയും?

ഫുട്ബാളിൽ പ്രതിരോധനിരയിലായിരുന്നു ഉപ്പ കളിച്ചിരുന്നത്. എതിർമുന്നേറ്റ നിരയുടെ നീക്കങ്ങൾക്കൊക്കെയും മുന്നിൽ മലപോലെനിന്ന ആ പ്രതിരോധവീര്യത്തെ കുറിച്ച് പലരും എഴുതിയും വായിച്ചും കേട്ടിട്ടുണ്ട്.മെലിഞ്ഞുനീണ്ട ശരീരമായിരുന്നെങ്കിലും ദൃഢമായ ആ കാലുകളിൽനിന്ന് വെടിയുണ്ടകണക്കെ പറക്കുന്ന പന്തിനെക്കുറിച്ച് കൂടെ കളിച്ചിരുന്നവർ പലരും പറഞ്ഞുകേട്ടിട്ടുണ്ട്. ആരുടെ ഏതു പ്രശ്നത്തെയും സ്വന്തം നെഞ്ചിലേക്ക് വാങ്ങി തടുക്കുന്ന ആ പ്രതിരോധശേഷി, ജീവിതത്തിൽ ഞാൻ കണ്ടിട്ടുണ്ട്. കുടുംബങ്ങളിലെ ഏതു കാര്യത്തിനും മുന്നിൽനിൽക്കാനും പ്രശ്നത്തെ പരിഹരിക്കാനും ഉപ്പ തന്നെയായിരുന്നു മുന്നിൽ. 'ജാബ്യാക്ക' ഏറ്റെടുക്കുന്ന ഒരു കാര്യത്തിൽ കുടുംബക്കാർക്കും അത്രക്കായിരുന്നു വിശ്വാസം. കുടുംബങ്ങളിലെല്ലാം കല്യാണാലോചന മുതൽ കല്യാണത്തിൻെറ ശേഷമുള്ള സൽക്കാരങ്ങൾ വരെ സ്വന്തം ചുമലിലേറ്റി നടന്നിരുന്ന ഒരാളായിരുന്നു ഉപ്പ. പക്ഷേ, നായകനായി നിന്ന് കൈപിടിക്കേണ്ട സ്വന്തം മകളുടെ കല്യാണത്തിന് ഉപ്പയുണ്ടാവില്ലല്ലോ എന്ന ചിന്ത, നമസ്കാരപ്പായയിലെ കരൾ നോവിക്കുന്ന സങ്കടമാണ്. എൻെറ കല്യാണത്തെക്കുറിച്ച് ബന്ധുക്കളാരെങ്കിലും ഓർമിപ്പിക്കുന്ന ഓരോ നിമിഷവും മനസ്സിലനുഭവിക്കുന്ന നീറ്റൽ മറ്റാരെയും അറിയിക്കാനാവില്ലല്ലോ. ഞാൻ പഠിച്ച് ജോലി നേടണമെന്ന ആഗ്രഹം എന്നെക്കാൾ കൂടുതൽ ഉപ്പക്കായിരുന്നു. മരിക്കുന്നതിനു തൊട്ടുമുമ്പുള്ള ദിവസവും ഉപ്പ അതേക്കുറിച്ച് എന്നോടു സംസാരിച്ചിരുന്നു. പി.ജിയും കഴിഞ്ഞ് എനിക്ക് സമ്മതമാണെങ്കിൽ മാത്രമേ കല്യാണം കഴിപ്പിക്കൂ എന്നതായിരുന്നു അന്നുതന്ന വാഗ്ദാനം.

ഉമ്മയെക്കുറിച്ചോർക്കുമ്പോൾ ഇപ്പോഴും സങ്കടവും അത്ഭുതവും തോന്നും. ഉപ്പയുടെ തണലിലേ ഉമ്മ ജീവിച്ചിട്ടുള്ളൂ. ജാബിറിൻെറ ഭാര്യ എന്നതേ ഉണ്ടായിരുന്നുള്ളൂ വിലാസം. ഒരു നാൾ പെട്ടെന്ന് ആ തണൽ നഷ്ടപ്പെടുമ്പോൾ ഉച്ചിയിൽ കത്തുന്ന വേനലിൻെറ വേദന, ഇനി ഈ ജീവിതം കൊണ്ടുതന്നെ തങ്ങളെ, കുടുംബത്തെ എന്നും തണലിലേക്കു ചേർത്തുപിടിച്ച ഒരാളുടെ അഭാവം ജീവിതത്തിൻെറ ഓരോ തിരിവിലും നീറിപ്പിടിച്ച് തുടരും.

തെരഞ്ഞെടുപ്പ്, ശബരിമല ഡ്യൂട്ടി തുടങ്ങിയ ജോലികൾക്കായി പോയാൽ പിന്നീട് മാസമൊന്ന് കഴിഞ്ഞിട്ടാവും ഉപ്പ തിരിച്ചെത്തുക. പക്ഷേ, അസാന്നിധ്യങ്ങളെ അറിയിക്കാത്ത വിധമായിരുന്നു ഉപ്പയുടെ തുടരെയുള്ള ഫോൺ കാളുകൾ. പോവുന്നതിൻെറ തലേദിവസം ഞങ്ങൾ അഞ്ചുപേരും ചേർന്ന് കെട്ടിപ്പിടിച്ചാണ് കിടക്കുക, ഉപ്പക്ക് നിർബന്ധമായിരുന്നു. ഓരോരുത്തരെയും ചേർത്തുപിടിച്ച് തന്നിരുന്ന ഉമ്മകളുടെ ചൂട് ഇപ്പോഴും മുഖത്തുണ്ട്.

നിറവാർന്ന സൗഹൃദങ്ങൾ ഉപ്പയുടെ ജീവിതത്തിനു ചുറ്റും എപ്പോഴുമുണ്ടായിരുന്നു. മലബാറിലെ ഏതു ഗ്രാമത്തിലും പേരെടുത്തു വിളിക്കാൻ കഴിയുന്ന സുഹൃത്തുക്കളുടെ നീണ്ടനിര. ആ സൗഹൃദങ്ങളുടെയൊക്കെ ഊഷ്മളത ഉപ്പയോടൊപ്പം ഞങ്ങൾ അനുഭവിച്ചിട്ടുണ്ട്. എവിടെച്ചെന്നാലും ജാബിറിൻെറ മക്കൾ എന്നത് ഞങ്ങൾക്ക് ഒരു പ്രിവിലേജ് ആയിരുന്നു.

ഉപ്പയെ അവസാനമായി യാത്രയയക്കാൻ, അവസാനമായി ഉപ്പക്കുവേണ്ടി പ്രാർഥിക്കാൻ ഉപ്പ കളിച്ചുവളർന്ന തെരട്ടമ്മൽ മൈതാനത്തിൽ അവസാനിക്കാതെ ഒഴുകിവന്ന ജനപ്രവാഹം ആ സ്നേഹത്തിൻെറ ഇഹലോക സാക്ഷ്യമായി ഞങ്ങളോടൊപ്പമുണ്ട്. ജീവിതത്തിൽ താൻ അവശേഷിപ്പിച്ചുപോയ സ്നേഹത്തിൻെറ നാമ്പുകൾ ഞങ്ങളെ തൊട്ടുനിൽക്കുന്നത് ഉപ്പ അവിടെനിന്ന് അറിയുന്നുണ്ടാവും.

കഴിഞ്ഞ റിപ്പബ്ലിക് ദിനത്തിൽ സംസ്ഥാന സർക്കാർ ഉപ്പക്കായി പ്രഖ്യാപിച്ച മരണാനന്തര ബഹുമതി ഉപ്പക്കുവേണ്ടി ഏറ്റുവാങ്ങുമ്പോൾ കാറ്റുപോലെ ഉപ്പ വന്ന് എന്നെ തൊടുന്നത്, എൻെറ മോളേ എന്നുചേർത്തുപിടിക്കുന്നത് ഒക്കെ ഞാനറിയുന്നുണ്ടായിരുന്നു. ഉപ്പ എൻെറ കൂടെ തന്നെയുണ്ടെന്ന വിശ്വാസത്തോടെ ഞാൻ ജീവിക്കുന്നു, ഇനിയുള്ള നാളുകൾ. ●



മരണാനന്തര ബഹുമതിയായി സി. ജാബിറിന് ലഭിച്ച മുഖ്യമന്ത്രിയുടെ പൊലീസ് മെഡൽ ഏറ്റുവാങ്ങിയ ശേഷം മക്കളായ ഫിദ ജാബിറും ഫഹദും മന്ത്രി എ.കെ. ബാലന് ഒപ്പം

---

**വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം.**

whatsapp: **9645006105**, e-mail: **varadyam@madhyamam.in**
**തപാൽ വിലാസം: പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്,പി.ഒ. കോഴിക്കോട് -12**

## കത്തുകൾ




### മക്കളോടുള്ള ഓർമപ്പെടുത്തൽ

വാരാദ്യ മാധ്യമം ലക്കം1542 ൽ 'കാഞ്ചനയുടെ നാട്ടുകാർ മുംതാസിനെ കാണുന്നു' എന്ന തലക്കെട്ടിൽ ബച്ചു ചെറുവാടി തയാറാക്കിയ ഫീച്ചർ അസ്സലായി. എല്ലാ പ്രാദേശിക ഭരണകൂടങ്ങളും ഏറ്റെടുക്കേണ്ട ദൗത്യമാണിത്. തദ്ദേശസ്ഥാപനങ്ങൾ മാത്രമല്ല, ഒരോ വ്യക്തിക്കും ഇത് ബാധകമാണ്. യാത്രപോയതിൻെറയും വിമാനം കയറിയതിൻെറയും തത്സമയ, സചിത്ര വിവരണം സ്റ്റാറ്റസായി നൽകുന്നവർ, അതിനൊന്നും അർഹതയില്ലാതെ വീടകത്തേക്ക് ഒതുക്കപ്പെട്ട സ്വന്തം വീട്ടിലെ വൃദ്ധമാതാപിതാക്കളെ കുറിച്ച് ഓർക്കാറുണ്ടോ? നമ്മുടെ ആഘോഷങ്ങളിൽ, സന്തോഷങ്ങളിൽ അവർ പുറന്തള്ളപ്പെടുന്നത് എന്തുകൊണ്ടാണ്. കാരശ്ശേരി പഞ്ചായത്ത് നിർവഹിച്ച ദൗത്യം യഥാർഥത്തിൽ മക്കളോടുള്ള ഓർമപ്പെടുത്തലാണ്.
രമ്യ വിനോദ്, ചൈതന്യ, കളമശ്ശേരി

### വേറിട്ട അനുഭൂതി

വാരാദ്യ മാധ്യമം ലക്കം1542 കവർ സ്റ്റോറിയായി പ്രസിദ്ധീകരിച്ച 'കാഞ്ചനയുടെ നാട്ടുകാർ മുംതാസിനെ കാണുന്നു' അനുഭൂതിദായകമായിരുന്നു. ആ വയോധികരോടൊപ്പം യാത്രചെയ്ത പ്രതീതി. കാരശ്ശേരി ഗ്രാമപഞ്ചായത്ത് തീർച്ചയായും അഭിനന്ദനം അർഹിക്കുന്നു; അവഗണിക്കപ്പെടുന്ന ഒരു സമൂഹത്തിന് പ്രതീക്ഷയും പ്രത്യാശയുംനൽകിയതിന്, അവർ സമൂഹത്തിൻെറ ഘടകമാണെന്ന് അവരെ ബോധിപ്പിച്ചതിന്. മറ്റു പഞ്ചായത്തുകൾക്ക് മാതൃകയാണ് കാരശ്ശേരി പഞ്ചായത്ത്. ഊർജിത നികുതി പിരിവ് മാത്രംനടത്തുന്ന, ജലാശയങ്ങൾ സംരക്ഷിക്കാത്ത, തെരുവുകൾ മാലിന്യ മുക്തമാക്കാത്ത, ഒരു തെരുവു വിളക്ക് സ്ഥാപിക്കാൻ പോലും ജനങ്ങളുടെ പരാതി കാത്തിരിക്കുന്ന, വന്ദ്യ വയോധികരെപ്പോലും തിണ്ണ നിരങ്ങിപ്പിക്കുന്ന, കാര്യസാധ്യത്തിന് വരുന്നവർക്ക് ഒന്നിരിക്കാൻ കൂടി സൗകര്യം നൽകാത്ത, നാം കണ്ടുശീലിച്ച പഞ്ചായത്ത്കളിൽനിന്ന് വളരെ വേറിട്ടുനിൽക്കുന്നു കാരശ്ശേരി പഞ്ചായത്ത്. ഇനിയും മാതൃകാപ്രവർത്തനങ്ങൾ കാഴ്ചവെക്കാനാകട്ടെ എന്ന് ആശംസിക്കുന്നു.
മുഹമ്മദ് റഫീഖ് മന്നാനി, തോട്ടക്കാട്, തിരുവനന്തപുരം

### എല്ലാ പഞ്ചായത്തുകൾക്കും മാതൃക

കാഞ്ചനമാലയുടെ നാട്ടുകാർ മുംതാസിനെ കാണുന്നു എന്ന, ബച്ചു ചെറുവാടിയുടെ എഴുത്ത് (ലക്കം 1542) വായിച്ചപ്പോൾ എന്തെന്നില്ലാത്ത സന്തോഷം തോന്നി. പ്രായമായവരോട് നീരസഭാവമാണ് പൊതുവെ സമൂഹം പുലർത്താറുള്ളത്. അതുകൊണ്ടുതന്നെ, അവർക്ക് അധികം താൽപര്യം ഒന്നും ഉണ്ടാവാറില്ല.

ഈ സന്ദർഭത്തിൽ നടത്തിയ ചരിത്രയാത്ര അഭിനന്ദനമർഹിക്കുന്നതാണ്. കാരശ്ശേരി പഞ്ചായത്ത് പ്രസിഡൻറ് വിനോദിൻെറ കീഴിൽ മൂപ്പൻ കറുപ്പൻെറ നേതൃത്വത്തിൽ അവർ 107 പേർ യാത്രതിരിച്ചത് അവരുടെ ഒരു ജന്മം മുഴുവൻ ഓർക്കാൻ പറ്റുന്ന യാത്രയാണ് എന്നവർ ഓർത്തു കാണില്ല. താജ്മഹലിൻെറ ചരിത്രമറിയുന്ന മീനാക്ഷിയമ്മയും കാരണവർ കോരനും മുത്താച്ചിയും കറുപ്പനും പെണ്ണുട്ടിയും സ്വന്തം നാടുവിട്ട് എവിടെയും പോകാത്ത ഓമന അമ്മയും മെംബർമാരുടെ അടിപിടി കാണാൻ കഴിയാത്തതിൽ സങ്കടപ്പെടുന്ന ഓമന അമ്മയും താജ്മഹൽ പൊളിക്കുമെന്ന വാർത്തയിൽ ഹൃദയം തകർന്ന ലക്ഷ്മിയമ്മയും കൂടെ മൂന്നു നഴ്സുമാരും വളൻറിയർമാരും 'ജനസംസ്കൃതി'യുടെ സ്നേഹം ഏറ്റുവാങ്ങി, ഡൽഹി മുഴുവൻ കണ്ടു.

വയസ്സുകാലത്ത് ഇതൊക്കെ സാധിച്ചതിൽ എല്ലാവരും സന്തുഷ്ടരാണ്. അതുകൊണ്ടുതന്നെ, സ്പോൺസർ പുറായിൽ സിദ്ദീഖിന് ജീവിതകാലം മുഴുവൻ ഒരു സമൂഹത്തിലെ മാതാപിതാക്കളുടെ പ്രാർഥനകൾ ഉണ്ടായിരിക്കും; പ്രത്യേകിച്ച് മുത്താച്ചി അമ്മയുടെ, വിമാനത്തിലും യാത്ര ചെയ്യാൻ കഴിഞ്ഞതിൽ.

ഈ പരിപാടി കേരളത്തിലെ എല്ലാ പഞ്ചായത്തുകൾക്കും മറ്റു നേതൃത്വങ്ങൾക്കും മാതൃകയാണ്. റോഡിൽ ടാറിടലും ഷോപ്പിങ് കോംപ്ലക്സ് നിർമിക്കലുമല്ല വികസനപ്രവർത്തനങ്ങൾ എന്ന് കാരശ്ശേരി പഞ്ചായത്ത് പ്രസിഡൻറ് വിനോദും സംഘവും തെളിയിച്ചു. ദൈവം അനുഗ്രഹിക്കട്ടെ...
ഹനൂൻ അഷ്റഫ് മമ്പാട്

### ചരിത്രയാത്ര അഭിനന്ദനാർഹം

പ്രശസ്ത കഥാകാരൻ എസ്.കെ. പൊറ്റെക്കാടിൻെറ നാടൻപ്രേമം എന്ന പ്രണയകഥയുടെയും മൊയ്തീൻ, കാഞ്ചനമാല പ്രണയത്തിൻെറയും നിശ്ശബ്ദ സാക്ഷിയായ ഇരുവഴിഞ്ഞിപ്പുഴ കണ്ട അതിമനോഹരമായ മറ്റൊരു അനുഭവമായിരുന്നു മുംതാസിനെ തേടിയുള്ള യാത്ര. കാഞ്ചനമാലയുടെ നാട്ടുകാർ മുംതാസിനെ കണ്ടപ്പോഴുണ്ടായ മാനസികമായ ഉണർവ് വിലമതിക്കാത്തതാണ്. ഇങ്ങനെയുള്ള യാത്രകൾ കൂടി സംഘടിപ്പിക്കുവാൻ നമ്മുടെ ഭരണകൂടങ്ങൾക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.
കെ.പി. ഷാജി കൊല്ലം

### സർക്കാർ എവിടെയാണ്?

വാരാദ്യമാധ്യമത്തിൽ വന്ന താന്തോന്നിത്തുരുത്തിനെ പറ്റിയുള്ള ലേഖനം വായിച്ചു.

കാറ് മുറ്റംവരെ എത്താത്തതിലുള്ള അമർഷം കാണിക്കുന്ന നമ്മൾ എത്ര അഹങ്കാരികളാണെന്ന് ഈ ലേഖനം വായിച്ചപ്പോൾ മനസ്സിലായി. ഇത്രയും ദുരിതം ഈ നാട്ടുകാർ അനുഭവിച്ചിട്ടും സർക്കാർ ഒന്നും ചെയ്യാത്തതിൽ ദുഃഖമുണ്ട്. മക്കൾ സ്കൂളിൽനിന്ന് തിരിച്ചുവരുന്നതുവരെ അമ്മമാരുടെ ആന്തൽ കൺമുന്നിൽ കണ്ടു. ആഘോഷത്തിനും ആഡംബരത്തിനും പേരുകേട്ട കൊച്ചിയുടെ അടുത്താണ് ഈ ഒറ്റപ്പെട്ട ആരും ശ്രദ്ധിക്കാതെ കിടക്കുന്ന ദ്വീപ് എന്നറിയുമ്പോൾ അത്ഭുതം തോന്നുന്നു.
റുമിൻ റഹീം, പയ്യോളി

### പുസ്തകം പരിചയപ്പെടുത്തിയതിന് നന്ദി

വാരാദ്യമാധ്യമം ലക്കം 1542ൽ 'ഇസ്ലാമിക പ്രസ്ഥാനം: ജീവിത അടയാളങ്ങൾ' എന്ന പാലാഴി മുഹമ്മദ് കോയ എഴുതിയ പുസ്തകം പരിചയപ്പെടുത്തിയ ബഷീർ തൃപ്പനച്ചിക്ക് നന്ദി.
ഹംസ കടന്നമണ്ണ

i

### തനിമ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

തനിമ കലാസാഹിത്യവേദിയുടെ തനിമ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു. കേരള ചരിത്രപഠന ഗ്രന്ഥങ്ങൾക്കാണ് പുരസ്കാരം. 2014 ജനുവരി മുതൽ 2017 ഡിസംബർ വരെ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ച മൗലികകൃതികളാണ് പരിഗണിക്കുക. എഴുത്തുകാർക്കും പ്രസാധകർക്കും കൃതികൾ അയക്കാം. പതിനായിരം രൂപയും ഫലകവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം. കൃതികൾ മൂന്ന് കോപ്പികൾ സഹിതം 2018 ജനുവരി 31നകം കൺവീനർ, തനിമ പുരസ്കാരം, പി.ബി നമ്പർ: 833, കോഴിക്കോട് 673 004 എന്ന വിലാസത്തിൽ അയക്കുക. ഫോൺ: 9895437056, 9946227590
thanimakv@gmail.com

# മേൽവിലാസമില്ലാത്തവരുടെ നെഞ്ചിടിപ്പുകൾ

## ഇടപെടൽ

കെ.ഇ.എൻ



ഫസലിനെ അടുത്തു കണ്ടത് ഒരു കവിതാകൂട്ടായ്മയിൽ വെച്ചായിരുന്നു. പിന്നീടാണ് 'പ്രളയദിനങ്ങൾ ബാക്കിവെച്ചത്' എന്ന 'കവിത സമാഹാരം' വായിച്ചത്. മേൽവിലാസമില്ലാത്ത മനുഷ്യരുടെ നെഞ്ചിടിപ്പും ചങ്കിടിപ്പുമത് ഉള്ളിൽ നിറച്ചു. വിവരണങ്ങൾക്ക് വഴങ്ങാത്ത ഏതോതരം വേദനകൾ ഒച്ചകേൾപ്പിക്കാതെ പിന്തുടർന്നു. 'കുട്ടിക്കളികൾ' ചോരക്കളികളാവുന്ന പ്രണയത്തിന്റെ പുതിയ ഫസൽ പാഠങ്ങൾ, അകം പൊള്ളിച്ചു. അപ്പോഴും, മനസ്സിന്റെ ആകാശങ്ങളിലിരുന്ന് ഏതോ ഒരു മഴവില്ല് മന്ദഹസിച്ചു.

വീഴ്ചകൾക്കും പുറത്താക്കലുകൾക്കുമിടയിൽനിന്ന്, സൗഹൃദം സ്നേഹവിരുന്നൊരുക്കി. ഫസൽറഹ്മാന്റെ കവിത അറിഞ്ഞതിനുമപ്പുറമുള്ള കവിയലായും സ്വയംകലഹമായും എന്നിൽ കുതറിനിന്നു. കുത്തിയൊഴുക്കിലും 'പ്രളയദിനങ്ങൾ' ബാക്കിവെച്ചത് വേദനകലർന്നൊരു വീര്യമാണ്. 'ഒതളങ്ങാചോദ്യങ്ങൾ നിർത്തി/ ഒരുതവണയെങ്കിലും/ ഒരു മനുഷ്യനാവുക' എന്നതിലെ വീര്യവും വേദനയും വേർപിരിയാനാവാതെ ഒരുമിച്ചിരുന്ന് വിതുമ്പുന്നത് കാതോർക്കുന്നവർ കേൾക്കും. 'പ്രാർഥനയുടെ ഏതു നൂൽപാലത്തിലാണ്/ നമുക്കിടയിൽ തലമുറകളുടെ ബലിയൂട്ട് നടന്നത്' എന്ന ആ ചോദ്യം ഒരുവൻ ചുഴിയാണ്! 'സ്വപ്നങ്ങൾ നിറം കെട്ടുപോയവൻ/ കൂട്ടരും കൂടപ്പിറപ്പുമില്ലാത്തവൻ/ അവനും കാണില്ലേ ഒരു നിലാത്തുണ്ട്' എന്നത് ചോദ്യമോ ഒരുത്തരമോ ആവാനാവാതെ വിതുമ്പുന്ന ഒരാത്മഗതമാണ്.

'പ്രളയദിനങ്ങൾ ബാക്കിവെച്ചത്' എന്ന ഫസലിന്റെ ശ്രദ്ധയർഹിക്കുന്ന കാവ്യസമാഹാരവും 'ആഖ്യാനങ്ങളുടെ ആഫ്രിക്കൻ ഭൂപടം' എന്ന ആഫ്രിക്കൻ നോവലിനെക്കുറിച്ചുള്ള സൂക്ഷ്മ പഠനവും തമ്മിൽ ഒരർഥത്തിലും നേർക്കുനേരൊരു ബന്ധവുമില്ല. ഒന്ന് കവിതയും മറ്റൊന്ന് സാംസ്കാരിക പഠനവും എന്ന അർഥത്തിൽ മൗലികമായിത്തന്നെ ഭിന്നമാണ്. പക്ഷേ രണ്ടും രണ്ടർഥത്തിൽ ഉപേക്ഷിക്കപ്പെട്ടവരുടെ ലോകത്തിലേക്കുള്ള സാഹസിക യാത്രയാണ്. എന്തുകൊണ്ട് ആഫ്രിക്ക എന്നതിൽതന്നെ പ്രകടമായി തെളിയുന്നത് എഴുത്തിന്റെ പക്ഷമാണ്. എന്തിലും പക്ഷമുണ്ട് എന്ന സാമാന്യതക്കപ്പുറം, എഴുത്തു വിഷയം തെരഞ്ഞെടുക്കുന്നതിൽതന്നെ സവിശേഷമായൊരു പക്ഷം പ്രവർത്തിക്കുന്നുണ്ടെന്ന അർഥത്തിലാണ്, ഈയൊരുകാര്യം പ്രത്യേകം പറയുന്നത്. കർക്കശമായ സാമാന്യവത്കരണം, സവിശേഷതകളുടെ സ്വാതന്ത്ര്യനിഷേധമാവുന്നതിന്ന്, നമ്മുടെ സാംസ്കാരികവിശകലനങ്ങൾ തന്നെയാണ് തെളിവ്. ഇന്നും നമുക്ക് സവിശേഷതകളുടെ നാനാത്വങ്ങളെക്കുറിച്ച് സംസാരിക്കാൻ കഴിയുന്നില്ല. പ്രശംസിക്കപ്പെടുന്ന 'നാനാത്വത്തിൽ ഏകത്വമാവട്ടെ', കൃത്രിമമായൊരു ഏകത്വത്തിന്റെ നാനാവിധമുള്ള ദൃഢപ്പെടുത്തലായി ചുരുങ്ങുകയും ചെയ്യുന്നു. ഒരുപക്ഷേ, നമ്മുടേത് 'ഏകീകരണം' എന്ന പരികൽപനയെപ്പോലും പേടിക്കേണ്ട ഒരു കാലമാണ്. 'ഐക്യം' എന്നത് അനൈക്യത്തിന്റെ മാത്രം വിപരീതമാണോ അതോ, അധികാര നേതൃത്വത്തിൽ നടക്കുന്ന ഏകപക്ഷീയ ഏകീകരണത്തിന്റെ വിപരീതം കൂടിയാണോ എന്ന ചോദ്യം ഇന്ന് മറ്റേതൊരു കാലത്തെക്കാളും പ്രസക്തമാണ്.

കറുപ്പിനെ വെള്ളപ്പൊടിയിട്ട് മറച്ചുവെക്കേണ്ട കളങ്കമായിട്ടല്ല, സ്വന്തം കരുത്തും കാന്തിയുമായാണവർ തിരിച്ചറിയുന്നത്. ഫസൽറഹ്മാൻ സമകാലിക ആഫ്രിക്കൻ നോവലുകളെ വെറുതെ പരിചയപ്പെടുത്തുകയല്ല, വ്യവസ്ഥാപിതത്വത്തിന് വെല്ലുവിളിയാകുംവിധം കുതറുന്ന അവയിലെ കലഹങ്ങളെ കണ്ടെടുക്കുകയാണ് ചെയ്യുന്നത്. ഒരർഥത്തിൽ ഫസൽ നിർവഹിക്കുന്നത് പൊളിച്ചെഴുത്താണ്. ഒരുപക്ഷേ മലയാളത്തിൽ സമകാലിക ആഫ്രിക്കൻ നോവലുകളെക്കുറിച്ചുള്ള ആദ്യത്തെ സൂക്ഷ്മ പഠനം ഫസൽറഹ്മാന്റെ 'ആഖ്യാനങ്ങളുടെ ആഫ്രിക്കൻ ഭൂപട'മാവും. ഓരോ നോവലിനെയും അതിന്റെ സൂക്ഷ്മതയിലും സമഗ്രതയിലും ഫസൽ വിവരിച്ചിട്ടുള്ളതിലൂടെ കടന്നുപോവുമ്പോൾ, സത്യമായും നാം അമ്പരപ്പുളവാക്കുന്ന ഒരു ലോകത്ത് എത്തിപ്പെടും. സൈനികരാവേണ്ടിവരുന്ന കുട്ടികളുടെ ജീവിതം നമ്മെ സ്തബ്ധരാക്കും. നിശ്ശബ്ദ നിലവിളികൾക്കുമുന്നിൽ നാം നിസ്സഹായരാവും. യുദ്ധാനന്തരം തിരിച്ചുചെന്നാൽ പ്രേതങ്ങളോ നരഭോജികളോ ആയി മാത്രമാവും തങ്ങൾ സ്വീകരിക്കപ്പെടുകയെന്ന തിരിച്ചറിവിൽ അവർ വെന്തുനീറുന്നു. സൈനികർക്ക് തെറ്റും ശരിയുമില്ല, അവർക്കെന്തുവേണോ അതുമാത്രം എന്ന യുദ്ധനീതി'നീതിക്കെതിരായ യുദ്ധമായിത്തീരുന്നു.

യൂറോപ് എന്ന് കേൾക്കുമ്പോൾ ആവേശഭരിതരാവുന്നവർ, 'ആഫ്രിക്കയെന്ന്' കേൾക്കുമ്പോൾ ആശങ്കാഭരിതരാവുന്നു. ഇന്നും നമ്മുടെ സൗന്ദര്യവ്യവസായവും സാംസ്കാരിക വിശകലനവും ഒരു പരിധിവരെ, 'യൂറോകേന്ദ്രീകൃത' വ്യവസ്ഥക്കകത്താണ് കറങ്ങുന്നത്. ബോധപൂർവം വിവേചനം പുലർത്താത്തവർ പോലും ആഫ്രിക്കയെക്കുറിച്ചെഴുതുമ്പോൾ അറിയാതെ വിവേചനങ്ങളിലേക്ക് വഴുക്കുന്നതാണ്, പൊതുവിൽ കാണുന്നത്. കറുപ്പിന് അഴക് ഏഴ് എന്ന പറച്ചിലിനെ, കരി എന്ന സിനിമയിലെ കറുത്ത കഥാപാത്രം, അത് വെളുത്തവർ വെറുതെ പറഞ്ഞുണ്ടാക്കിയതാണെന്ന് തിരുത്തുന്നുണ്ട്! അതെത്ര ശരിയാണെന്ന് മനസ്സിലാക്കാൻ, ജോൺഹൊവാർഡ്ഗ്രഫിനെയും എം. സ്വരാജിനെയും മാത്രം ശ്രദ്ധിച്ചാൽ മതിയാകും! 'കറുപ്പ് ഒരു നിറമല്ല' എന്ന എം. സ്വരാജിന്റെ 'ദക്ഷിണാഫ്രിക്കൻ യാത്രാനുഭവ'ത്തിൽ സ്വന്തം സ്കൂൾകാലത്തെ സ്മരിച്ചുകൊണ്ടവതരിപ്പിച്ചത്, ഞാൻ വായിച്ച സമാനാനുഭവങ്ങളെക്കാൾ തീവ്രവും ഉള്ളുലക്കുംവിധം സ്ഫോടനാത്മകവുമാണ്. എം സ്വരാജ്, സ്വന്തം ക്ലാസ്റൂമിനെ സാക്ഷിയാക്കി, ഹൃദയത്തോട് ചേർത്തുപിടിച്ച ആ ജമാലിനെ മറക്കാനാവുന്നില്ല. സ്വരാജ് എഴുതി: 'ആയിരത്തിത്തൊള്ളായിരത്തി എൺപതുകളുടെ മധ്യത്തിൽ ഏറനാട്ടിലെ ഒരു ഗവ. എൽ.പി സ്കൂളിലെ മൂന്നാം ക്ലാസ്. ക്ലാസിൽ അധ്യാപിക കുട്ടികൾക്കിടയിൽ ന്യൂട്ടന്റെ കളർ ഡിസ്ക് പരിചയപ്പെടുത്തുകയാണ്. ഏഴുനിറങ്ങളും ഭംഗിയായി ചിത്രീകരിച്ച വൃത്താകൃതിയിലുള്ള ഡിസ്ക് മേശപ്പുറത്ത് ഇരിക്കുന്നു. ഡിസ്ക് വേഗത്തിൽ കറക്കുമ്പോൾ വർണങ്ങൾ അപ്രത്യക്ഷമാവും വെളുപ്പ് മാത്രം പ്രത്യക്ഷപ്പെടും. ഏഴുവർണങ്ങൾ ഒരുമിച്ചുചേരുമ്പോഴാണ് വെള്ളനിറം ഉണ്ടാവുന്നതെന്ന് ഉദാഹരണസഹിതം വിശദീകരിക്കുകയാണ് ടീച്ചർ. ഒരു മാജിക് ഷോ കാണുന്ന വിസ്മയത്തോടെ ശ്വാസമടക്കിപ്പിടിച്ച് നൂറോളം കുട്ടികൾ...

ഇടക്ക് ടീച്ചർ ചോദിക്കുന്നു

'നിങ്ങൾക്ക് ഏറ്റവും ഇഷ്ടമുള്ള നിറം ഏതാണ്?'

മുൻബെഞ്ചിലിരിക്കുന്ന സിന്ധുവിനോടാണ് ചോദ്യം.

'മഞ്ഞ'

'എനിക്കും മഞ്ഞയാണിഷ്ടം' ഷൈലജയും ഒപ്പംകൂടി.

ഓരോരുത്തരും അവരവരുടെ ഇഷ്ടനിറം പ്രഖ്യാപിക്കുന്നു. തോമസിന് നീല, റോബിക്ക് പച്ച, ഇസ്ഹാക്കിന് ചുവപ്പ്. ഒടുവിൽ ജമാൽ പറഞ്ഞു. 'കറപ്പ്'

പെട്ടെന്ന് ക്ലാസിൽ നിശ്ശബ്ദത. ടീച്ചർക്കും അത്ഭുതം. ഒന്നും മനസ്സിലാകാതെ ജമാൽ മന്ദഹസിച്ചു. കറപിടിച്ച പല്ലുകളുമായി ബട്ടൻസുകൾ ഒട്ടുമുക്കാലും നഷ്ടമായ ചളിപുരണ്ട കുപ്പായമിട്ട ജമാൽ.

'അയ്യേ, കറുപ്പാത്രേ ഷ്ടം!'

ആരുടേയോ കമൻറ്.

ആരും ഇഷ്ടപ്പെടാത്ത കറുപ്പിനെ സ്വന്തമാക്കിയ ജമാൽ അപ്പോഴും അർഥമില്ലാത്ത മന്ദഹാസവുമായിനിന്നു. 'അതെന്താ കറുപ്പ് ഇഷ്ടായത്' ടീച്ചറുടെ ചോദ്യം.

'യ്ക്ക് കറപ്പാ ഷ്ടം' വീണ്ടും ജമാലിന്റെ നേർത്ത ശബ്ദം.

ഇഷ്ടനിറം കറുപ്പാണെന്ന് പറഞ്ഞതോടെ ജമാൽ ഒരു സംഭവമായി മാറി. മറ്റാർക്കും ഇഷ്ടമാവാത്ത കറുപ്പ് ഇഷ്ടപ്പെട്ടവൻ. സുഭാഷ് പതുക്കെ എന്റെ ചെവിയിൽ പറഞ്ഞു, എടാ ഓന്റെ വാപ്പയ്ക്ക് പിരാന്താ. ഓനും പിരാന്താ, ല്ലെങ്കി കറുപ്പ് ഇഷ്ടാവോ?

ജമാലിന്റെ ബാപ്പയ്ക്ക് ഭ്രാന്തായിരുന്നു. ഉമ്മയെ ഒരിക്കൽ ഭ്രാന്ത് മൂത്തപ്പോൾ വാപ്പ ചവുട്ടിക്കൊന്നതാണ്. ഫലത്തിൽ വാപ്പയും ഉമ്മയുമില്ലാതെ ചെറുപ്രായത്തിൽതന്നെ ദുരിതം നിറഞ്ഞ ജീവിതമായിരുന്നു ജമാലിന്റേത്. ജീവിതസാഹചര്യങ്ങളാണോ അവന്റെ ഇഷ്ടനിറം കറുപ്പാക്കിയതെന്ന് അറിയില്ല. ഏതായാലും ദുഃഖത്തിന്റെ നിറമായി, ഭ്രാന്തിന്റെ നിറമായി കറുപ്പ് അന്നുമുതൽ എന്റെ മനസ്സിലും സ്ഥാനംപിടിച്ചു.'

നിറം, ഭാഷ, വേഷം, വിശ്വാസം എന്നിവ കൊണ്ട് തങ്ങളിൽനിന്ന് വ്യത്യസ്തരായവരെയാണ് അധിനിവേശശക്തികൾ 'അധമരാക്കിയത്'. സ്വന്തം ഭാഷ ഉച്ചത്തിൽ 'അലറുന്നതിനിടയിൽ' അവർ കേൾക്കാതെപോയത് 'മറ്റുള്ളവരുടെ' ഭാഷയാണ്. തങ്ങൾക്ക് തിരിച്ചറിയാത്ത ഭാഷ സംസാരിക്കുന്നവരെ അവർ അപരിഷ്കൃതർ എന്ന അർഥത്തിൽ ബാർബേറിയൻസാക്കി! ജനാധിപത്യം വളരുകയും അധിനിവേശം ചോദ്യംചെയ്യപ്പെടുകയും ചെയ്തപ്പോൾ, സംസ്കാരത്തിന്റെ കേന്ദ്രം യൂറോപ്പല്ല ആഫ്രിക്കയാണെന്ന് ആദ്യം മനുഷ്യർ തിരിച്ചറിഞ്ഞു. പിന്നീട് വീണ്ടും മുന്നേറിയപ്പോൾ 'സംസ്കാരത്തിന്' ആവിധം ഒരൊറ്റ കേന്ദ്രമോ സ്രോതസ്സോ ഇല്ലെന്ന്, മനുഷ്യർക്ക് ബോധ്യമായിത്തുടങ്ങി. അപ്പോഴും പഴയലോകത്തിന്റെ അവശിഷ്ടങ്ങൾ വഴിയിൽ വിലങ്ങിനിന്നു. ഇന്നും പ്രബുദ്ധമായ കേരളത്തിൽപോലും താത്ത്വികാർഥത്തിൽ മാത്രമല്ല പ്രായോഗിക തലത്തിൽപ്പോലും, 'കറുപ്പ്' കുറ്റവാളിയാണ്! ആഫ്രിക്ക ഇന്നും സാമാന്യബോധത്തിൽ കറുപ്പും നരഭോജനവും കൊള്ളയും വന്യമൃഗങ്ങളും നൃത്തംചവിട്ടുന്ന വാർപ്പ്മാതൃകകൾക്കകത്ത് വീർപ്പുമുട്ടുന്ന ഒരു വിചിത്ര ഭൂപ്രദേശമാണ്. അത്തരം അധിനിവേശമിത്ത് പൊളിക്കുന്ന, സൂക്ഷ്മമായ ഒരു സാംസ്കാരികവിമർശനപഠനം എന്ന നിലയിലാണ് 'ആഖ്യാനങ്ങളുടെ ആഫ്രിക്കൻ ഭൂപടം' ശ്രദ്ധേയമാകുന്നത്.

●




കവിത

● ചിത്രീകരണം: കെ. നിസാർ



## ജലസമാധി

പായിപ്ര രാധാകൃഷ്ണൻ

വിനീതമായ തുടക്കം
ഘനീഭൂതമായ വിഷാദത്തിന്റെ
വിതുമ്പുന്ന ഒരുറവ...
ചേർത്തുപിടിച്ചവരെ
തന്നിലേക്ക് അടർത്തിയും അലിയിച്ചും
തണലായതിനെയൊക്കെ കടപുഴക്കിയും
കാറ്റിന്റെ കരുത്ത് കടംവാങ്ങിയും
കരിങ്കല്ലിന്റെ ഹൃദയത്തിൽ തട്ടിച്ചിതറിയും
പ്രണയത്തിന്റെ സ്ഫടിക സൗധങ്ങളെ
ചിതറിത്തെറിപ്പിച്ചും
ആറ്റുവഞ്ചികളോട് ശൃംഗരിച്ചും
ചുഴിക്കുത്തുകളിൽ ഉന്മാദിച്ചും
ഒറ്റാലുകളുടെ ധ്യാനങ്ങളിൽ
പ്രവാഹങ്ങളുടെ പുളകങ്ങൾ
പൂമീനുകളായി സമ്മാനിച്ചും
കന്നിനെ കയം കാണിച്ചും
മലയിടുക്കുകളിൽ അർമാദിച്ചും
സമതലങ്ങളിൽ മുടിവിടർത്തി മയങ്ങിയും
അറ്റമില്ലാത്ത കടൽപാലം പോലുള്ള കാമനകളെ
അഴിമുഖത്തിന്റെ പുലിമുട്ടുകളായി നിവേദിച്ചും
കടലിൽ കായംകലക്കി,
ഒരു ജലസമാധി

●

## പണിതീരാത്ത വീട്

ടി. മുഹമ്മദ് വേളം

ജീവിതം പോലെ
പാർക്കുകയും പണിയുകയും
ചെയ്യുന്ന വീടാണെനിക്കിഷ്ടം
ഓരോ ജീവിതവും
ഒരു പണി തീരാത്ത വീടാണ്
പണി തീർന്നാൽ ആളുകൾ വന്ന്
കഴുകി വെള്ളപുതപ്പിക്കും.

●



● ചിത്രീകരണം: കെ. നിസാർ

കഥ



## മരിച്ചവർക്കുള്ള ഒപ്പീസ്

● ചിത്രീകരണം: ഷബ്ന സുമയ്യ

അനീഷ് ജോസഫ്

അപ്പൻ മരിച്ചു. പെരുമഴ ആശുപത്രി വരാന്തയിലേക്ക് കാറ്റായും തണുപ്പായും വന്ന രാത്രിയിൽ. ഇടനാഴികളിൽ കാലൊച്ചകൾ മഴത്തുള്ളിപോലെ തണുത്തുവീഴുന്നു.

നിർത്താതെ പെയ്ത മഴയിൽ തൂങ്ങിയാടുന്ന പകൽ. ഉച്ചക്കുശേഷം അപ്പൻ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. 'വീട്ടിൽ പോകാം.'

'പോകാം... സുഖാകട്ടെ.' അപ്പനെ കെട്ടിപ്പിടിച്ച് പറഞ്ഞു. അപ്പോൾ മുതൽ വായിൽനിന്ന് കൊഴുത്ത ദ്രാവകം വരാൻ തുടങ്ങി. ഡോക്ടർ ഓടിവന്നു. ഒരു മരുന്നു നൽകി. രാത്രിയിൽ വീണ്ടും ഡോക്ടർ വന്നു. മരുന്നു നൽകി. രാത്രിയിൽ വീണ്ടും ഡോക്ടർ വന്നു. 'നിങ്ങൾ ഉറങ്ങരുത്' അതൊരു മുന്നറിയിപ്പുപോലെ നിന്നു. രാത്രിയിൽ എപ്പഴോ അപ്പൻ മരിച്ചു. മഴ തണുപ്പായി ഇറങ്ങി. ഇനി അപ്പന് ഏറ്റവും പ്രിയപ്പെട്ട ഒപ്പീസുമായി മണ്ണിലേക്ക് മടക്കം.

മഴപെയ്യുമ്പോൾ വിത്തുപൊട്ടിമുളക്കുന്നു... എന്ന ഒപ്പീസിലെ വരികൾ അപ്പന് ഏറ്റവും മധുരിക്കുന്നതായിരുന്നു. വയലിൽ, പറമ്പിൽ, പശുത്തൊഴുത്തിൽ പണിയെടുക്കുമ്പോഴെല്ലാം അപ്പൻ ആ പാട്ടു പാടി. ആ രാത്രി മഴപെയ്തു തോർന്നപ്പോൾ അപ്പന്റെ ശ്വാസകോശത്തിലെ കുറുകലിൽനിന്ന് ജീവന്റെ പക്ഷി പറന്നുപോയി. ഇനി വയലിൽ, ചളിയിൽ ഒപ്പീസുപാടാൻ ആരാണുണ്ടാവുക. ഓരോന്നു ഓർത്തിരുന്നപ്പോൾ അമ്മ പറഞ്ഞു. പോകണ്ടേ മോനെ അപ്പനെ...

അതൊരു വലിയ കരച്ചിലായി ഇഴപൊട്ടി മഴയിലൂടെ കാറ്റിലൂടെ താളമില്ലാതെ ഒഴുകിപ്പോയി. അകലെയുള്ള ഗ്രാമത്തിലേക്ക് ആംബുലൻസ് റെഡിയായിരുന്നു. ചുരം മഴയിൽ മൂടി നിൽക്കുന്ന ആ രാത്രിയിൽ ആംബുലൻസ് മുക്കി മുക്കി കയറി. അപ്പന് അറുപത് വയസ്സായിരുന്നു. ആരോഗ്യത്തിന് ഒരു കുഴപ്പവുമുണ്ടായിരുന്നില്ല. മണ്ണിന്റെ മണമായിരുന്നു അപ്പന്. പിന്നെ ദിനേശ് ബീഡിയുടെ മണവും. വിയർപ്പിനുപോലും ആ മണമുണ്ട്. ദിവസങ്ങൾക്കുമുമ്പുവരെ അപ്പൻ വയലിലും തോട്ടത്തിലും പണിയെടുത്തു.

അപ്പൻ തോട്ടത്തിലെ ഓരോ മരത്തിനും ഓരോ പേരു നൽകിയിരുന്നു. പ്ലാവിനും മാവിനും പേര്. വലിയ പ്ലാവിന് അമ്മച്ചിയുടെ പേരായിരുന്നു. ഏലിയാമ്മ. എത്രയോ വർഷം പഴക്കമുള്ള പ്ലാവിലെ ചക്ക തേൻവരിക്കയായിരുന്നു. അപ്പന്റെ ഓർമകൾപോലെ. ആകാശത്തിന്റെ അതേ വലുപ്പമായിരുന്നു ഏലിയാമ്മ പ്ലാവിനും. ചുവട്ടിൽനിന്നാൽ ആകാശം കാണില്ല. പെരുമഴക്കാലത്ത് ചുവട്ടിൽ നിന്നാൽ ഒരു തുള്ളി നനയില്ല. വല്യമ്മച്ചിയെ പോലെ, ആ പ്ലാവിനും സ്നേഹമായിരുന്നു. തത്തമ്മ ചുണ്ടൻ മാങ്ങയുണ്ടാകുന്ന മാവിന് അപ്പനായ ഉലഹന്നാന്റെ പേരാണ് അപ്പനിട്ടത്. ഉലഹന്നാൻ മാവ്. അധികം പൊക്കമില്ലാത്ത ആ മാവിന്റെ ചുവട്ടിലാണ് കുട്ടികളായ ഞങ്ങൾ കളിക്കുക. മാമ്പഴം വീഴുമ്പോൾ ഓടി ഓടി ചെല്ലുന്ന മഴക്കാലം. തണുത്തു പെയ്യുന്ന മഴയിൽ ഇറയത്തുനിന്ന് പറന്നു പോകുന്ന മഴക്കുരുവികൾ.

ഓടിയോടി മധുരം ചവച്ചെടുക്കുന്ന ബാല്യത്തിലേക്കാണ് ഓർമയെത്തുന്നത്. വീടിനു താഴെ തഴച്ചു വളർന്നു നിൽക്കുന്ന മറ്റൊരു പ്ലാവുണ്ട്. അമ്മച്ചിപ്ലാവ്. അതിനടുത്ത് ഒരു തെങ്ങുണ്ട്. ആകാശം താങ്ങി നിർത്തുകയാണെന്ന ഭാവത്തിൽ നിൽക്കുന്ന അതിന് അപ്പൻ വിളിച്ചിരുന്നത് പാപ്പി തെങ്ങെന്നാണ്. അപ്പന്റെ ചേട്ടന്റെ പേരായിരുന്നു അത്. അങ്ങനെ അപ്പൻ തന്റെ തലമുറയിലെയും അതിനു മുമ്പുള്ളവരെയും ഈ പേരിടലിലൂടെ സ്നേഹിച്ചു.

തോട്ടത്തിൽ എത്തുന്ന ഓരോ ജീവിക്കും ഒരു പേരുണ്ടായിരുന്നു. അതൊക്കെ കുടുംബത്തിലെ ആരുടെയെങ്കിലും ആയിരുന്നു. അമ്മച്ചി പറഞ്ഞു കേട്ടിട്ടുണ്ട്. തന്റെയും അനുജന്റെയും പേരുള്ള രണ്ട് പ്രാവുകൾ വീട്ടിലെത്തുമായിരുന്നുവെന്ന്. പിന്നീട് അത് വരാതെയായി. തോട്ടത്തിലെ മണ്ണിരകൾക്കുപോലും അപ്പനെ അറിയാം. അപ്പന്റെ വിയർപ്പിന്റെ മണം. നടത്തത്തിന്റെ താളം. മണ്ണിനെ നോവിക്കാതെയാണ് അപ്പൻ നടക്കുക.

മണ്ണു കിളക്കുമ്പോൾ മുറിഞ്ഞുവീഴുന്ന മണ്ണിരകളെ കണ്ട് അപ്പൻ കരയാറുണ്ടെന്ന് അമ്മച്ചി പറയും. പലപ്പോഴും തോട്ടം കിളക്കാതെ ഇടുകയും ചെയ്യും. ഉറുമ്പുകൾ, ചിതലുകൾ, പാമ്പ്, കീരി, അണ്ണാൻ, കാക്കകൾ, വവ്വാൽ, മൂങ്ങ അങ്ങനെ അപ്പന്റെ ബന്ധുക്കളുടെ നീണ്ട നിര. ചിലപ്പോൾ തോന്നും അപ്പന് വട്ടാണെന്ന്.

അപ്പൻ മരിച്ചു ദിവസങ്ങൾ കഴിഞ്ഞാണ് പള്ളിയിൽ വികാരിയുടെ മുന്നിലെത്തിയത് "ഒപ്പീസ് ചൊല്ലണം". അപ്പനുവേണ്ടിയാണോ ?

"അല്ല പിന്നെ ആർക്കാ."?

"ഉലഹന്നാൻ മാവ്, അമ്മച്ചി പ്ലാവ്." അച്ചൻ മുഖത്തേക്കു നോക്കി.

"വേണം."

അകലെ ആ മരത്തിനുമേൽ മഴയുടെ ചിറകൊടിഞ്ഞുവീഴുന്നു. പറന്നുപോകുന്ന ഇരമ്പൽ. താഴെ അപ്പനെന്ന മരം തണലിന്റെ ചിതയൊരുക്കി, ചാഞ്ഞു വീണു. അവിടെ നീണ്ട നിഴൽ.

●

പുസ്തകം



### ഗാന്ധി ഒരന്വേഷണം രണ്ടാം ഭാഗം

എം. ഗംഗാധരൻ
പേജ്: 278, വില: 260.00
ഡി.സി ബുക്സ്

ദക്ഷിണാഫ്രിക്കൻ ജീവിതത്തിൽനിന്ന് ഇന്ത്യൻ സ്വാതന്ത്ര്യ സമര ഭൂമികയിലേക്കുള്ള ഗാന്ധിയുടെ വരവ് മുതൽ രക്തസാക്ഷിത്വംവരെയുള്ള ജീവിതത്തെ വിശകലനാത്മകമായി വിലയിരുത്തുന്ന പുസ്തകം.



### എന്റെ മകൾ സ്ത്രീയാവുന്നു

യു.കെ. കുമാരൻ
പേജ്: 125, വില: 110.00
ഡി.സി ബുക്സ്

പ്രകൃതിയും കാലവും തമ്മിൽ അദൃശ്യമായി നടത്തപ്പെടുന്ന നീതിബോധത്തിന്റെ ക്രയവിക്രയമാണ് ഈ സമാഹാരത്തിലെ കഥകളുടെ സവിശേഷത.



### ചെറിമരം

റസ്കിൻ ബോണ്ട്
വിവ: കെ. സതീഷ്
പേജ്: 39, വില: 50.00
മിന്നാമിന്നി, മാതൃഭൂമി ബുക്സ്

മുസ്സൂറിയിലെ രാകേഷ് എന്ന കുട്ടിയുടെയും മുത്തച്ഛന്റെയും കഥയിലൂടെ കുട്ടികളിൽ പ്രകൃതിസ്നേഹവും നന്മയും വളർത്തുന്ന പുസ്തകം.



### അനുരാഗ പരാഗങ്ങൾ

എഡിറ്റർ: കെ.പി. സുധീര
പേജ്: 174, വില: 170.00
കൈരളി ബുക്സ്

വിവിധ മേഖലകളിലുള്ളവർ പ്രണയത്തെ കുറിച്ച് എഴുതുകയാണ് പ്രണയികളുടെ പുസ്തകം. എം.ടി. വാസുദേവൻ നായരുടെ ആമുഖം മുതൽ കനപ്പെട്ട എഴുത്തുകൾ.



### നിങ്ങൾ നിരീക്ഷണത്തിലാണ്

ചന്ദ്രമതി
പേജ്: 101, വില: 95.00
ഡി.സി ബുക്സ്

സമകാലിക ജീവിതത്തിന്റെ സൂക്ഷ്മഭാവങ്ങളെ, ഗൗരവ സ്വഭാവത്തിൽ അടയാളപ്പെടുത്തുന്ന ശ്രദ്ധേയമായ കഥകൾ.



### ഇസ്ലാമോഫോബിയ പ്രതിവിചാരങ്ങൾ

എഡിറ്റർ: ഡോ. വി. ഹിക്മത്തുല്ല
പേജ്: 192, വില: 190.00
ഐ.പി.എച്ച്


ഇസ്ലാമോഫോബിയയുടെ കേരളീയ സാഹചര്യം വിശകലനംചെയ്യുന്ന 19 പഠനങ്ങൾ. വേറിട്ട രാഷ്ട്രീയവും വൈജ്ഞാനിക സംവാദവും മുന്നോട്ടുവെക്കുന്ന പുസ്തകം.



### കുട്ടികൾക്ക് ശ്രീനാരായണ ഗുരുവിന്റെ ജീവചരിത്രം

സി. ഗണേഷ്
പേജ്: 89, വില: 80.00
ഒലിവ്

മനുഷ്യസ്നേഹത്തിന്റെ ചരിത്രപുസ്തകമായ ശ്രീനാരായണ ഗുരുവിന്റെ ജീവിതം പുതുതലമുറക്കായി അതിലളിതമായി ആവിഷ്കരിക്കുന്ന പുസ്തകം.



### എത്രയെത്ര രാമായണങ്ങൾ

ഡോ. അസീസ് തരുവണ
പേജ്: 112, വില: 105.00
ചിന്ത പബ്ലിഷേഴ്സ്

രാമായണത്തിന്റെ ബഹുസ്വരതയെ അവതരിപ്പിക്കുന്ന പഠനഗ്രന്ഥം. രാമായണത്തിന്റെ നിരവധി പാഠങ്ങളെ കണ്ടെടുക്കുകയാണ് ഈ പുസ്തകത്തിൽ.

അഭിമുഖം



# പിടിച്ചുവാങ്ങുന്നതാണ് സ്വാതന്ത്ര്യം

**ഫലസ്തീനിന്റെ അധിനിവേശപോരാട്ടത്തിന് മാധ്യമങ്ങളുടെ പിന്തുണതേടിയുള്ള പര്യടനത്തിന്റെ ഭാഗമായി ഇന്ത്യയിലെത്തിയ ഓൺലൈൻ പോർട്ടലായ മിഡ്ൽ ഈസ്റ്റ് മോണിറ്ററിന്റെ ഡയറക്ടർ ഡോ. ദാവൂദ് അബ്ദുല്ല 'വാരാദ്യമാധ്യമ'ത്തോട് സംസാരിക്കുന്നു**

മുഹമ്മദ് അനീസ് കെ.

ഇസ്രായേൽ-ഫലസ്തീൻ വിഷയങ്ങൾ സമഗ്രമായി അവതരിപ്പിക്കുന്ന ഓൺലൈൻ പോർട്ടലായ മിഡ്ൽ ഈസ്റ്റ് മോണിറ്ററിന്റെ ഡയറക്ടറാണ് ഡോ. ദാവൂദ് അബ്ദുല്ല. മുസ്ലിം കൗൺസിൽ ഓഫ് ബ്രിട്ടൻ മുൻ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ കൂടിയാണ് അദ്ദേഹം. ഫലസ്തീനിന്റെ അധിനിവേശപോരാട്ടത്തിന് മാധ്യമങ്ങളുടെ പിന്തുണതേടിയുള്ള പര്യടനത്തിന്റെ ഭാഗമായി ഇന്ത്യയിലെത്തിയ അദ്ദേഹം രാജ്യത്തെ വിവിധമാധ്യമസ്ഥാപനങ്ങൾ സന്ദർശിച്ചു. കഴിഞ്ഞ ദിവസം 'മാധ്യമം' സന്ദർശിച്ച അദ്ദേഹം, ഫലസ്തീൻ പോരാട്ടത്തെയും ജറൂസലമിനെ ഇസ്രായേൽ തലസ്ഥാനമായി പ്രഖ്യാപിച്ച ട്രംപിന്റെ നടപടിയെയും കുറിച്ച് സംസാരിച്ചു.

**ജറൂസലമിനെ ഇസ്രായേൽ തലസ്ഥാനമായി പ്രഖ്യാപിച്ച യു.എസ് നടപടിയുടെ പ്രത്യാഘാതങ്ങൾ എന്തായിരിക്കും?**

» യു.എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ നടപടി മേഖലയെ കലുഷമാക്കുന്ന ഒന്നാണ്. ഇത് ഫലസ്തീൻ ജനതയെയും മുസ്ലിം, ക്രിസ്ത്യൻ സമൂഹങ്ങളെയും ഒരുപോലെ പ്രയാസത്തിലാക്കുന്ന നടപടിയാണെന്ന് പറയേണ്ടതില്ല. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം ഖുദ്സ് ദേവാലയം മക്ക, മദീന പോലെ പ്രധാനമാണ്. ഭാവിയിൽ മക്ക, മദീന ലക്ഷ്യമാക്കിയും നീങ്ങുമെന്ന മുന്നറിയിപ്പാണ് ഖുദ്സിനെതിരായ നീക്കം തെളിയിക്കുന്നത്. മുസ്ലിംകൾ സ്വതവേ സമാധാനകാംക്ഷികളും സഹിഷ്ണുക്കളുമാണ്. എന്നാൽ, ജറൂസലമിനെതിരായ നീക്കം അവർക്ക് അംഗീകരിക്കാനാവില്ല. കാരണം, ഖുദ്സിനുമേൽ ഇസ്രായേലിന്റെ അധികാരം അംഗീകരിക്കുന്നതുവഴി, ആ വിശുദ്ധനഗരത്തിൽ മുസ്ലിംകളുടെതായി നിലനിൽക്കുന്ന എല്ലാ അടയാളങ്ങളും നശിപ്പിച്ചുകളയാൻ സ്വതന്ത്രാധികാരം നൽകും.



നീക്കത്തിനെതിരെ ബോധവത്കരണം നൽകുന്നതിനും അത് പിൻവലിക്കുന്നതിന് അമേരിക്കയുടെമേൽ സമ്മർദം ചെലുത്താനും എല്ലാവരും ഒന്നിക്കേണ്ടതുണ്ട്. അതിൽ മാധ്യമങ്ങൾക്ക് വളരെയേറെ ചെയ്യാനുണ്ട്. അത് അവരെ ബോധ്യപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഞങ്ങളുടെ ഈ സന്ദർശനം.

**ട്രംപിന്റെ നടപടി അപ്രതീക്ഷിതമായിരുന്നോ?**

» സ്വന്തം നിലനിൽപ് അപകടത്തിലാവുമ്പോൾ മുൻവിചാരമില്ലാത്ത ഏതൊരു നേതാവും ചെയ്യുന്ന നടപടി മാത്രമാണ് ട്രംപിന്റെ ഭാഗത്തുനിന്നുമുണ്ടായിരിക്കുന്നത്. യു.എസ് പ്രസിഡൻറ് തെരഞ്ഞെടുപ്പ് വേളയിൽ റഷ്യൻ അധികൃതരുമായി ഒത്തുകളിച്ചുവെന്ന ആരോപണം ശക്തമാവുകയും അതിന്റെപേരിൽ യു.എസ് കോൺഗ്രസിന്റെ ഇംപീച്ച്മെൻറ് വരെ നേരിട്ടേക്കുമെന്ന സാഹചര്യങ്ങൾ ഉയർന്നുവന്നിരുന്നു. അദ്ദേഹത്തിന്റെ ജനകീയത യു.എസിൽ വളരെയധികം കുറഞ്ഞതായി സർവേകൾ ചൂണ്ടിക്കാട്ടുന്നു. ഇത്തരമൊരു വിഷമവൃത്തത്തെ മറികടക്കാൻ നാടകീയമായ എന്തോ ഒന്ന് ചെയ്യേണ്ടതുണ്ടായിരുന്നു. ഇതാണ് ഫലസ്തീൻ വിഷയത്തിൽ പ്രകോപനപരമായ തീരുമാനമെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്ന് ഞാൻ കരുതുന്നു. അത് ജനങ്ങൾക്കിടയിൽ തന്റെ സ്വീകാര്യത തിരിച്ചുകൊണ്ടുവരുമെന്നും അദ്ദേഹം കരുതുന്നുണ്ടാവണം. ഒരുപക്ഷേ, 2020ൽ നടക്കുന്ന തെരഞ്ഞെടുപ്പിലും വിജയിക്കാൻ ഈ നീക്കം സഹായകമാവുമെന്നും അദ്ദേഹം സ്വപ്നം കാണുന്നുണ്ടാവാം. ട്രംപിനു മുമ്പ് എത്രയോ പ്രസിഡൻറുമാർ ഫലസ്തീൻ വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്. പ്രശ്നപരിഹാരത്തിന് ഒരു ഫോർമുല അവതരിപ്പിച്ച് കക്ഷികൾക്കിടയിൽ ചർച്ചയിൽ ഇടപെടുന്നവരെ ഹീറോ ആയി മാധ്യമങ്ങൾ ആഘോഷിച്ചു. പക്ഷേ, മറ്റൊരു പ്രസിഡൻറും ചെയ്യാത്തതാണ് ട്രംപ് ചെയ്തത്. അധികാരപ്രമത്തതയുടെ ശരിയായ പ്രകടനമാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്. ഫലസ്തീൻ ജനതയോടുള്ള അദ്ദേഹത്തിന്റെ മുൻധാരണയും ഇതിൽ പ്രകടമാണ്. ഇസ്രായേൽ അല്ലാതെ മറ്റൊരു രാജ്യവും അദ്ദേഹത്തിന്റെ നീക്കത്തെ പിന്തുണച്ചില്ലെന്നത് ശ്രദ്ധേയമാണ്. ബ്രിട്ടൻ, ഫ്രാൻസ്, ജർമനി തുടങ്ങിയവരെല്ലാം അത് തള്ളി. ഈ നീക്കം അന്യായമാണെന്നതുതന്നെയാണ് അതിനുകാരണം. തീവ്രവാദ ചായ്വുള്ളവർക്ക് ന്യായം ചമക്കാനുള്ള സാഹചര്യമാണ് ഇതിലൂടെ ഒരുങ്ങിയിരിക്കുന്നത്. നേർക്കുനേർ പറഞ്ഞാൽ, അന്താരാഷ്ട്ര തലത്തിൽനിലനിൽക്കുന്ന ഒരു വ്യവസ്ഥയെ അട്ടിമറിക്കുകയാണ് ട്രംപ് ചെയ്തിരിക്കുന്നത്.

**മുസ്ലിം രാജ്യങ്ങളുടെ പ്രതികരണം? അത് ഫലം ചെയ്യുമോ?**

» അറബ് മേഖലയിലെ ഏതാനും രാജ്യങ്ങൾ ഇസ്രായേലുമായി സഹകരിക്കാൻ തയാറാണെന്നത് നിർഭാഗ്യകരമായ യാഥാർഥ്യമാണ്. ട്രംപിന്റെ നീക്കത്തിനെതിരെ ഏറക്കുറെ മൗനം പാലിക്കുകയാണ് ഇക്കൂട്ടർ ചെയ്തത്. വളരെ പ്രയാസപ്പെടുത്തുന്ന അവസ്ഥയാണിത്. പക്ഷേ, ലോകത്തിന്റെ മറ്റുഭാഗത്തുള്ള ജനങ്ങളുടെ പ്രതികരണം ഞങ്ങൾക്ക് ഏറെ ബലം നൽകുന്നതാണ്. യു.എസ് പ്രസിഡൻറിന്റെ വിവേകശൂന്യ നടപടിക്കെതിരെ ജർമനി, മലേഷ്യ, ദക്ഷിണാഫ്രിക്ക, വെനിസ്വേല തുടങ്ങിയ രാജ്യങ്ങളിലെ ജനങ്ങൾ ഞങ്ങൾക്കൊപ്പം നിൽക്കുന്ന കാഴ്ച ചേതോഹരമാണ്. ആ പ്രതികരണങ്ങളാണ് ഫലങ്ങൾ ചെയ്യുക. ട്രംപും ഇസ്രായേലും ലോകത്ത് ഒറ്റപ്പെട്ട പ്രതീതിയാണ് ലോകത്തിന്റെ വിവിധ കോണുകളിലുള്ള പ്രതികരണം കാണിക്കുന്നത്.

**നിങ്ങൾക്കെതിരെ നിൽക്കുന്നത് വളരെ ശക്തരായ ഒരു വിഭാഗമാണ്. ഈ ചെറുത്തുനിൽപ് വിജയിക്കുമെന്ന പ്രത്യാശ എത്രയളവിൽ യാഥാർഥ്യവുമായി ചേരുന്നതാണ്?**

» മധ്യേഷ്യയുടെ ഹൃദയഭൂമിയിൽ തീർത്തും വംശീയമായ ഒരുരാഷ്ട്രം പണിയുകയാണ് ഇസ്രായേൽ ചെയ്തിരിക്കുന്നത്. ഫലസ്തീൻ ജനതയെ ആട്ടിയോടിച്ച്, അവരുടെ ഭൂമി തട്ടിയെടുക്കുകയാണ് അവർ ചെയ്തത്. ശേഷം, സ്വന്തം നിലക്ക് ഒരുനിയമവും സംവിധാനവും സൃഷ്ടിക്കുകയായിരുന്നു. ഇതിന് ഒരു മുൻമാതൃകയുണ്ട്, ദക്ഷിണാഫ്രിക്കയിൽ. അവിടത്തെ വംശീയഭരണകൂടത്തിനെതിരായ പ്രക്ഷോഭം ജയിച്ചത് ജനങ്ങളുടെ പോരാട്ടത്തിലൂടെയായിരുന്നു. പാശ്ചാത്യരാജ്യങ്ങളുടെ അകമഴിഞ്ഞ പിന്തുണയുണ്ടായിട്ടും വംശീയഭരണകൂടത്തിന് പിടിച്ചുനിൽക്കാനായില്ല. യു.എസ് പ്രസിഡൻറായിരുന്ന റൊണാൾഡ് റീഗനും ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗരറ്റ് താച്ചറും അപാർത്തീഡ് ഭരണകൂടത്തിന് സംരക്ഷകരായി നിലകൊണ്ടു. എന്നാൽ, സാംസ്കാരികവും രാഷ്ട്രീയപരവുമായ ബഹിഷ്കരണം നേരിട്ട ദക്ഷിണാഫ്രിക്കയിലെ വംശീയ ഭരണകൂടം ഒടുവിൽ അടിയറവ് പറഞ്ഞു. ദക്ഷിണാഫ്രിക്കക്കെതിരായുണ്ടായിരുന്ന അതേ മനോഭാവമാണ് ഇന്ന് ആഗോള സമൂഹം ഇസ്രായേലിനെതിരെ പുലർത്തുന്നത്. അവർക്കെതിരെ 2004ൽ തുടങ്ങിയ 'ബോയ്കോട്ട്, ഡൈവസ്റ്റ്മെൻറ്, സാംക്ഷൻ (ബി.ഡി.എസ് -ബഹിഷ്കരണം, നിക്ഷേപം നിരസിക്കൽ, ഉപരോധം)' കാമ്പയിൻ ഇന്ന് ലോകത്തെങ്ങും സജീവമാണ്. ഇസ്രായേലുമായി സഹകരിക്കുന്ന കമ്പനികൾ ജനങ്ങൾ ബഹിഷ്കരിക്കുന്നു. ഇസ്രായേൽ ധനസഹായം നിരസിക്കുന്നു. ഈ കാമ്പയിൻ വിജയിച്ചാൽ ഇസ്രായേൽ തീർത്തും ഒറ്റപ്പെടും. ഇസ്രായേൽ ഒരു വംശീയ രാഷ്ട്രമാണെന്ന് ലോകം തിരിച്ചറിഞ്ഞിരിക്കുന്നു. സ്വാതന്ത്ര്യം എന്നുപറയുന്നത് ഒരിക്കലും ഔദാര്യമല്ല. അത് അടിച്ചമർത്തപ്പെടുന്നവർ പിടിച്ചുവാങ്ങുന്നതാണ്. അത് ഫലസ്തീനിലും സംഭവിക്കുമെന്നാണ് ഞാൻ കരുതുന്നത്.

**ഇടതുപക്ഷവും ലിബറലുകളും നിങ്ങളുടെ പോരാട്ടത്തിന് നൽകുന്ന പിന്തുണ ഏതുവിധമാണ്?**

» മികച്ച രീതിയിലുള്ള പിന്തുണയാണ് അവർ നൽകുന്നത്. ലോകത്തെങ്ങുമുള്ള സർവകലാശാലകളിലും ട്രേഡ് യൂനിയനുകളിലും അവർ ഞങ്ങൾക്കൊപ്പം നിന്ന് സമരപരിപാടികളുടെ ഭാഗമാവുന്നു. വിദ്യാർഥി പ്രസ്ഥാനങ്ങൾ, ചർച്ചുകൾ എന്നിവയെല്ലാം ഞങ്ങൾക്കൊപ്പം നിൽക്കുന്ന കാഴ്ചയാണ് യൂറോപ്പിലും അമേരിക്കയിലും കാണുന്നത്.

**അറബ്, മുസ്ലിം രാഷ്ട്രീയ നീക്കങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്യുന്നയാളാണ് താങ്കൾ. അറബ് വസന്തത്തെ കുറിച്ച് ഇപ്പോൾ നടത്തുന്ന വിലയിരുത്തലെന്താണ്?**

» മേഖലയിൽ ജനാധിപത്യപരമായ ഒരുമാറ്റം കൊണ്ടുവരാനുള്ള കൂട്ടായശ്രമമാണ് അറബ് വസന്തത്തിൽ നാം കണ്ടത്. സുതാര്യമായ, ഉത്തരവാദിത്തമുള്ള ഭരണസംവിധാനത്തിന് ജനങ്ങൾ കൊതിച്ചു. അതിന്റെ ഭാഗമായിരുന്നു അറബ് വസന്ത പ്രക്ഷോഭങ്ങൾ. എന്നാൽ, അവരുടെ അഭിലാഷങ്ങൾ അട്ടിമറിക്കപ്പെട്ട നിർഭാഗ്യകരമായ അവസ്ഥയാണ് പിന്നീടുണ്ടായത്. എന്നിരുന്നാലും, പ്രതീക്ഷയുണ്ട്. മാറ്റം എന്നുപറയുന്നത് ഒരു പ്രക്രിയയാണ്. അത് ഒറ്റരാത്രി കൊണ്ടുണ്ടാവുന്നതല്ല. അറബ് മേഖല മാറ്റത്തിന്റെ ഒരുഘട്ടത്തിലൂടെ കടന്നുപോവുകയാണ്. അവിടത്തെ ജനങ്ങൾ അവരുടെ അഭിലാഷങ്ങളും പ്രതീക്ഷകളും കൈയൊഴിയാൻ പോകുന്നില്ല. നീതിയും സമാധാനവും നിയമവാഴ്ചയും സ്ഥാപിക്കപ്പെടണമെന്ന അവരുടെ ചിരകാലാഭിലാഷം സഫലമാകുമെന്നുതന്നെയാണ് ഞാൻ ഇപ്പോഴും കരുതുന്നത്. ഇസ്ലാമിക പ്രസ്ഥാനങ്ങളുടെ ജനകീയതയാണ് 2011ൽ നാം കണ്ടത്. എവിടെയൊക്കെ ജനാധിപത്യപരമായ തെരഞ്ഞെടുപ്പുകൾ നടന്നുവോ അവിടെയെല്ലാം അവർ വിജയിച്ചു. ഹുസ്നി മുബാറകിന്റെ പതനത്തിനു ശേഷം അഞ്ച് തെരഞ്ഞെടുപ്പുകളാണ് ഈജിപ്തിൽ നടന്നത്. എല്ലാ ഘട്ടത്തിലും മുസ്ലിം ബ്രദർഹുഡിനായിരുന്നു വിജയം. സോഷ്യലിസം, ദേശീയത തുടങ്ങി വിവിധ രാഷ്ട്രീയപരീക്ഷണങ്ങൾക്ക് തയാറായ ജനത വ്യത്യസ്തമായൊരു പരീക്ഷണത്തിന് മുന്നിട്ടിറങ്ങുന്നതാണ് നാം കണ്ടത്. പക്ഷേ, പാശ്ചാത്യശക്തികൾ ഏകാധിപതികളുമായി ചേർന്ന് ആ ശ്രമങ്ങൾ അട്ടിമറിച്ചു. മധ്യേഷ്യയിൽ ജനാധിപത്യമല്ല, ഭരണസ്ഥിരതയാണ് പ്രധാനമെന്ന പാശ്ചാത്യ നിലപാടാണ് അതിന് കാരണം. ●

ഡോ. ദാവൂദ് അബ്ദുല്ല

● ചിത്രം: പ്രകാശ് കരിമ്പ

